
ആരാധനക്രമവത്സര തിരുവചന ധ്യാന-- 10ന പരമ്പര -1

# ക്രിസ്തുമസിന് ഒരുക്കമായ

## വചനിപ്പുകാല തിരുവചന ധ്യാനം




സിസ്റ്റർ നമിത എസ്.ഐ.സി.



മിസ്സിയോളജിക്കൽ-തിയോളജിക്കൽ സെന്റർ
ബഥനി നഗർ, നാലാഞ്ചിറ
തിരുവനന്തപുരം - 695 015
ഫോൺ - 2534018



malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

ആരാധനക്രമവത്സര തിരുവചന ധ്യാന-പഠന പരമ്പര -1

# ക്രിസ്തുമസിന് ഒരുക്കമായ
## വചനിപ്പുകാല തിരുവചന ധ്യാനം

സിസ്റ്റർ നമിത എസ്.ഐ.സി.

മിസ്സിയോളജിക്കൽ-തിയോളജിക്കൽ സെന്റർ
ബഥനി നഗർ, നാലാഞ്ചിറ
തിരുവനന്തപുരം - 695 015
ഫോൺ - 2534018

malankaralibrary.com

# ഉള്ളടക്കം


പേജ്

ആമുഖം ........ 3

വചനിപ്പു കാലം ........ 5

സഖറിയായോടുള്ള അറിയിപ്പ് ........ 7

ദൈവമാതാവിനോടുള്ള അറിയിപ്പ് ........ 11

ഇരുപത്തിയഞ്ചു നോമ്പ് ആരംഭം ........ 16

പരി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു ........ 22

സ്നാപകയോഹന്നാന്റെ ജനനം ........ 24

മാർ യൗസേഫിനുണ്ടായ ദർശനം ........ 26

യൽദായ്ക്കു മുമ്പുള്ള ഞായർ ........ 27

യൽദാ പെരുനാൾ ........ 32


malankaralibrary.com

# ആമുഖം

നാം വിശ്വസിക്കുന്ന ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേകദൈവമാണ്. ത്രീയേക ദൈവത്തിന്റെ രക്ഷാകര വ്യാപാരങ്ങളാണ് ക്രിസ്തീയ വിശ്വാസത്തിനടിസ്ഥാനമായി നിലകൊള്ളുന്നത്. ക്രിസ്തു സംഭവത്തിലൂടെ ദൈവം ഇതു നമുക്ക് പൂർണ്ണമായി വെളിപ്പെടുത്തിത്തന്നു. തിരുസ്സഭയിൽ ദൈവവചനത്തിലൂടെയും, ആരാധനയിലൂടെയും, സഭയുടെ സജീവ പാരമ്പര്യത്തിലൂടെയുമാണ് ഇന്നു നാം ഈ വെളിപാടു സ്വീകരിച്ച് വിശ്വാസത്തിൽ വളരുന്നത്. നമുക്ക് ദൈവികവെളിപാട് വ്യാഖ്യാനിച്ചു നല്കേണ്ടതും തിരുസ്സഭയാണ്. ആരാധനക്രമ വത്സരത്തിനനുസരിച്ച് സഭയുടെ പാരമ്പര്യത്തിന്റെയും പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ വചനം വ്യാഖ്യാനിച്ചു നല്കിക്കൊണ്ട് സഭാമാതാവ് ഈ ധർമ്മം നിറവേറ്റുന്നു.

ദൈവികവെളിപാട് അതിന്റെ പുർണ്ണതയിൽ വിശ്വാസികളിലേക്കു കൈമാറുന്നതിനും, വിശ്വാസികൾ അതുസ്വീകരിച്ച് അനുഭവിക്കുന്നതിനും ലിഖിതരുപത്തിലുള്ള ദൈവവചനം (വി. ഗ്രന്ഥം) മാത്രം പോരായെന്ന സത്യം എമ്മാവൂസിലേയ്ക്കു പോയ ശിഷ്യന്മാരുടെ അനുഭവം വ്യക്തമാക്കുന്നു. കർത്താവ് അവരുടെ കൂടെ നടന്നിട്ടും വചനം വ്യാഖ്യാനിച്ചുകൊടുത്തിട്ടും അവർ യേശുവിനെ തിരിച്ചറിഞ്ഞില്ല. അപ്പം മുറിച്ചു കൊടുത്തപ്പോഴാണ് അവരുടെ വിശ്വാസക്കണ്ണു തുറന്ന് അവർ യേശുവിനെ തിരിച്ചറിഞ്ഞത് (ലുക്കാ 24:13-35). അതായത് ദൈവവചനത്തിലുടെ നമുക്കു ലഭിക്കുന്ന അറിവ് നമ്മുടെ അനുഭവമായി മാറുന്നത് പരിശുദ്ധ കുർബാനയാകുന്ന സമ്പൂർണ്ണ ആരാധനയിലുടെയാണ്.

കാലത്തിനതീതനായവൻ കാലചക്രത്തിൽ ജനിച്ചത് താൻ വഴി നമ്മെ ദൈവത്തോടു രമ്യപ്പെടുത്തുവാനാണ് (2 കൊറി 5:18). സഭയുടെ ആരാധനക്രമ വത്സരത്തിലൂടെ രക്ഷാകരചരിത്രം മുഴുവൻ വ്യക്തമായി കൂടുതൽ വിപുലമായ അർത്ഥത്തിൽ അനാവരണം ചെയ്യപ്പെടുകയാണ്. പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പ അദ്ദേഹത്തിന്റെ *മീഡിയേററർ ദേയി* എന്ന ചാക്രിക ലേഖനത്തിൽ പറയു



malankaralibrary.com

ന്നത് "ആരാധനക്രമ വത്സരം സഭയിൽ നിത്യം ജീവിക്കുന്ന ക്രിസ്തുതന്നെയാണ്. യേശുക്രിസ്തു അളവററ സ്നേഹത്തോടെ ആരംഭിച്ച കരുണാർദ്ര സ്നേഹത്തിന്റെ ഇഹലോകജീവിതയാത്ര ആരാധനക്രമ വത്സരത്തിലൂടെ ഇന്നും തുടരുകയാണ്. അതുവഴി മനുഷ്യമക്കൾക്ക് അവിടുത്തെ രക്ഷാകരമായ ദിവ്യരഹസ്യങ്ങൾ അടുത്തറിയുന്നതിനും അവ സ്വജീവിതത്തിൽ പകർത്തുന്നതിനും അവസരം ലഭിക്കുകയാണ്. രക്ഷയുടെ ഈ രഹസ്യങ്ങൾ സഭയിൽ എന്നും സജീവമാംവിധം സന്നിഹിതമാണ്" (*മീഡിയേറ്റർ ദേയി, നമ്പർ 165*).

ദൈവാത്മാവിനാൽ പ്രചോദിതനായി എശയ്യാ പ്രവാചകൻ പ്രഘോഷിച്ച കർത്താവിന്റെ കൃപാവത്സരത്തിലേക്കും (ഏശ 61:2), യേശുനാഥൻ തന്റെ പരസ്യജീവിതത്തിലൂടെ സമാരംഭിച്ച കർത്താവിനു സ്വീകാര്യമായ വത്സരത്തിലേക്കും (ലൂക്ക 4:19) ആരാധകരെ ആനയിക്കുകയാണ് തിരുസ്സഭാമാതാവ് തന്റെ ആരാധനക്രമവത്സരത്തിലൂടെ. ആരാധനക്രമവത്സരത്തിനനുസരിച്ചു വചനം വ്യാഖ്യാനിച്ചുനല്കി ആരാധനയിൽ സജീവമായി പങ്കുചേരാൻ വിശ്വാസികളെ ഒരുക്കിക്കൊണ്ട് ശരിയായ വചനാധിഷ്ഠിത ജീവിതം നയിക്കാൻ അവരെ സഹായിക്കേണ്ടത് വൈദികരുടെയും സന്യസ്ഥരുടെയും പ്രത്യേക ചുമതലയാണ്. ഈ ദൗത്യം നിർവ്വഹണത്തിനായി ഒരു ആരാധനക്രമവത്സര തിരുവചന ധ്യാന–പഠന പരമ്പര ആരംഭിക്കുകയാണ്. ക്രിസ്തുമസിന് ഒരുക്കമായ വചനിപ്പുകാല തിരുവചനധ്യാനമാണ് ഈ ഒന്നാം വാല്യത്തിന്റെ ഉള്ളടക്കം.

സഭാവത്സരത്തിലെ ഒന്നാമത്തെ കാലമായ വചനിപ്പുകാലത്തിലൂടെ നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര രഹസ്യത്തിൽ നമ്മെ പങ്കുചേർക്കുകയാണ് തിരുസ്സഭാമാതാവ്. ഈ കാലയളവിൽ തിരുസ്സഭ നിശ്ചയിച്ചുതന്നിട്ടുള്ള വി. ഗ്രന്ഥ വായനകളുടെ വെളിച്ചത്തിൽ ദൈവത്തെ അറിയുകയും, ആ ദൈവീകപ്രകാശത്തിൽ നമ്മെത്തന്നെ ദർശിക്കുകയും, തിരുവചനത്തിന്റെ ശക്തിയാൽ നമ്മെ വിശുദ്ധീകരിച്ച് കർത്താവിന് യോജിച്ചതും സ്വീകാര്യവുമായ ഒരു ജീവിതം അനുദിനം തിരുമുമ്പിൽ കാഴ്ച്ചവയ്ക്കുകയും ചെയ്തുകൊണ്ട് ക്രിസ്തുമസ്സിനായി നമുക്ക് പ്രത്യേകം ഒരുങ്ങാം!



malankaralibrary.com

# വചനിപ്പുകാലം

ആരാധനക്രമവത്സരത്തിലെ ഒന്നാമത്തെ കാലമായ വചനിപ്പുകാലത്തെ (സുബോറോ കാലം), ആഗമന കാലമെന്നും മംഗളവാർത്താ കാലമെന്നും കത്തോലിക്കാ സഭയുടെ പാരമ്പര്യത്തിൽ അറിയപ്പെടുന്നുണ്ട്. ആരാധനക്രമവത്സരം നമ്മുടെ കർത്താവിന്റെ ഉയിർപ്പു തിരുനാൾ കേന്ദ്രീകരിച്ചാണല്ലോ രൂപപ്പെട്ടിട്ടുള്ളത്. ആദിമസഭയിൽ ഉയിർപ്പ്, പെന്തക്കോസ്തി എന്നീ രണ്ടു പ്രധാന പെരുനാളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. നമ്മുടെ കർത്താവിന്റെ ഉയിർപ്പിന്റെ പ്രസക്തിയും പ്രാധാന്യവും അർത്ഥവ്യാപ്തിയും വർദ്ധിച്ചതോടെ വലിയനോമ്പും, കഷ്ടാനുഭവ വാരവും, കൃംതാവാരവും, സ്വർഗ്ഗാരോഹണവും പെന്തക്കോസ്തിയുമെല്ലാം ഉയിർപ്പുകാലത്തിന്റെ പരിധിയിൽ വന്നു. അതിനുശേഷം യൽദായും ദനഹായും പ്രത്യേക കാലമായി രുപപ്പെട്ടു. ദനഹായാണ് ഇതിൽ ഏററം പുരാതനവും പൗരസ്ത്യവും. ക്രിസ്തുമസിന്റെ ഉത്ഭവം റോമിലാണ്. റോമാക്കാരുടെ സുര്യദേവാരാധനയ്ക്കെതിരെ നീതിസൂര്യനായ ക്രിസ്തുവിനെ ആരാധിക്കാൻ ക്രൈസ്തവർ ഏർപ്പെടുത്തിയ തിരുനാളാണ് ക്രിസ്തുമസ്. അന്ത്യോക്യയിൽ ക്രിസ്തുമസ് ആഘോഷിച്ചുതുടങ്ങിയത് 4–ാം നൂററാണ്ടിലാണെന്ന് സ്വർണ്ണനാവുകാരനായ മാർ ഇവാനിയോസ് പറയുന്നു. ഇതിനുശേഷമാണ് തേജസ്ക്കരണത്തിരുനാളും (തേജസ്ക്കരണ കാലവും) സ്ലീബാപ്പെരുനാളും (സ്ലീബാ കാലവും) രൂപംകൊണ്ടത്. ആരാധനക്രമവത്സരത്തിലെ ഈ കാലങ്ങൾവഴിയായി ക്രിസ്തുസംഭവത്തിലെ എല്ലാ പ്രധാന ഘട്ടങ്ങളും വിവിധ രഹസ്യങ്ങളും കൗദാശികമായി വർത്തമാനകാല യാഥാർത്ഥ്യങ്ങളായി ഭവിക്കുന്നു. അങ്ങനെ ഈ ദിവ്യരഹസ്യങ്ങൾ ഇന്ന് ഇവിടെയെന്നപോലെ നമുക്ക് അനുഭവവേദ്യമാകുന്നു. സഭാവത്സരത്തിലെ ഓരോ കാലയളവിലും നമ്മുടെ കർത്താവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളിൽ ഓരോന്ന് നമ്മുടെ പ്രത്യേക ധ്യാനവിഷയമാക്കുകയാണു ചെയ്യുന്നത്.

മലങ്കരസഭയുടെ പാരമ്പര്യത്തിൽ സഭയുടെ വിശുദ്ധീകരണം (കൂദോസ് ഈത്തോ), സഭയുടെ നവീകരണം (ഹൂദോസ്



malankaralibrary.com

ഈത്തോ) എന്നീ രണ്ട് ആഴ്ചകളോടെയാണ് വചനിപ്പു കാലം ആരംഭിക്കുന്നത്. (ഒക്ടോബർ 31 ഞായറാഴ്ച്ചയാണെങ്കിൽ അന്നു മുതലും, അല്ലെങ്കിൽ നവമ്പർ ആദ്യത്തെ ഞായറാഴ്ച്ച ആയിരിക്കും കൂദോസ് ഈത്തോ ഞായർ). തുടർന്ന് ക്രിസ്തുമസിനു മുമ്പുവരെയുള്ള ഞായറാഴ്ച്ചകളിൽ പഴയനിയമത്തിലും പുതിയ നിയമത്തിലും യേശുവിന്റെ മുന്നോടിയായി ദൈവംതെരഞ്ഞെടുത്തു നിയോഗിച്ച വ്യക്തികളുടെ ആഗമനത്തെക്കുറിച്ചുള്ള തിരുവചന ഭാഗങ്ങളും, പ. ദൈവമാതാവിനോടുള്ള അറിയിപ്പുമാണ് നമ്മുടെ വിചിന്തനത്തിനായി തിരുസഭ നിർദ്ദേശിച്ചു തന്നിട്ടുള്ളത്. ഉദാഹരണമായി, പഴയനിയമത്തിൽ ഇസഹാക്കിന്റെ ജനനം, സാംസന്റെ ജനനം, ദാവീദിനോടുള്ള ഉടമ്പടി മുതലായവ. പുതിയനിയമത്തിൽ സഖറിയായോടുള്ള അറിയിപ്പ്, പരി. ദൈവമാതാവിനോടുള്ള അറിയിപ്പ്, പരി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നത്, സ്നാപകയോഹന്നാന്റെ ജനനം, മാർ യൗസേഫിനുണ്ടായ ദർശനം, എന്നീ സംഭവങ്ങൾ അനുസ്മരിക്കുന്നു.

തന്റെ ഏകജാതന്റെ വരവിനുമുന്നോടിയായുള്ള ഈ മഹത്തായ ദൈവത്തിന്റെ രക്ഷാകര ഇടപെടലുകളുടെ പശ്ചാത്തലത്തിലാണ് മനുഷ്യാവതാര രഹസ്യത്തെ നാം ദർശിക്കേണ്ടത്. വി. ഗ്രന്ഥത്തിലുടനീളം ദൃഷ്ടാന്തങ്ങൾവഴിയും, അടയാളങ്ങളിലൂടെയും, പ്രതീകങ്ങളിലുടെയും, പ്രവചനങ്ങളിലുടെയും മുൻകൂട്ടി അറിയിച്ച മനുഷ്യാവതാര രഹസ്യത്തെക്കുറിച്ച് ജനനപ്പെരുനാളിന്റെ സന്ധ്യാ പ്രാർത്ഥനയുടെ സെദറായിൽ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. (മലങ്കര കത്തോലിക്കരുടെ ആരാധനക്രമം പെരുനാളുകൾ, പേജ് 10–14 വരെ വായിച്ചു ധ്യാനിക്കുക.) ഇപ്രകാരം ദൃഷ്ടാന്തങ്ങൾവഴിയും, അടയാളങ്ങളിലുടെയും, പ്രതീകങ്ങളിലൂടെയും, പ്രവചനങ്ങളിലൂടെയും മുൻകുട്ടി അറിയിച്ച ഈ മനുഷ്യാവതാര രഹസ്യത്തെക്കുറിച്ച് ഓരോ ഞായറാഴ്ച്ചകളിലെയും തിരുവചന വായനകളുടെ വെളിച്ചത്തിൽ നിരന്തരം ധ്യാനിച്ച് അവിടുത്തെ ആഗമനത്തിനായി ഒരുക്കത്തോടെ നമുക്ക് കാത്തിരിക്കാം! ഓരോ ഞായറാഴ്ച്ചത്തെയും വായനകൾ ആ ആഴ്ച്ചമുഴുവൻ ധ്യാനിക്കുകയും അവ മുൻ ആഴ്ച്ചകളിലെ തിരുവചനത്തോടു ബന്ധിപ്പിച്ച് ധ്യാനിച്ചുകൊണ്ട് ശരിയായ വചനാധിഷ്ഠിത ജീവിതം നയിക്കുകയും ചെയ്യുക.



malankaralibrary.com

ശരിയായ വചനാധിഷ്ഠിത ജീവിതം നയിക്കുന്നതിന് താഴെ പ്പറയുന്ന അഞ്ചു കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്:

1. തിരുവചനഭാഗത്തിന്റെ ശരിയായ അർത്ഥം പഠിച്ച് മനസ്സിലാക്കി അത് ഹൃദയത്തിൽ സംഗ്രഹിച്ച് നിരന്തരം ധ്യാനിക്കുകയും ഓരോ തിരുവചനഭാഗവും നല്കുന്ന സന്ദേശം ഉൾക്കൊള്ളുകയും ചെയ്യുക.

2. ഈ തിരുവചനധ്യാനത്തിന്റെ വെളിച്ചത്തിൽ സ്വയം അറിയുകയും ദൈവത്തെ അറിയുകയും ചെയ്തുകൊണ്ട് ജീവിതസാഹചര്യങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ കാണുകയും സ്വന്തം മനോഭാവങ്ങളിലും ജീവിതശൈലിയിലും വേണ്ട മാറ്റം വരുത്തുകയും ചെയ്യുക.

3. ഈ അറിവിന്റെ വെളിച്ചത്തിൽ സഭയുടെ ആരാധനയിൽ പ്രത്യേകിച്ച് പരി.കുർബാനയിൽ അർത്ഥപൂർണ്ണമായി പങ്കുചേർന്നുകൊണ്ട് ക്രിസ്തുസംഭവത്തിൽ വേണ്ടവിധം ഉൾച്ചേരുക.

4. അങ്ങനെ സ്വജീവിതത്തെയും ജീവിക്കുന്ന ചുറ്റുപാടുകളെയും ദൈവീകപ്രകാശത്താലും സുവിശേഷചൈതന്യത്താലും രൂപാന്തരീകരിക്കുക.

5. സ്വന്തം അറിവും അനുഭവവും പങ്കുവച്ചുകൊണ്ട് അനേകരെ കർത്താവിലേക്കാകർഷിക്കുക.

## നവമ്പർ 18 ഞായർ: സഖറിയായോടുള്ള അറിയിപ്പ്:

നമ്മുടെ കർത്താവിന്റെ മുന്നോടിയായി വന്ന സ്നാപക യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പിനെ അനുസ്മരിക്കുന്ന ഈ ഞായറാഴ്ച്ച താഴെപ്പറയുന്ന തിരുവചന ഭാഗങ്ങളാണ് തിരുസ്സഭ നമ്മുടെ പരിചിന്തനത്തിനായി നല്കിയിരിക്കുന്നത്: ഉൽ 17:15–22; ന്യായാ 13:1–7; ഏശ 41:8–16; അപ്പ 3:21–26; ലൂക്ക 1:5–25; റോമ 4:13–25

**ഉൽ 17:15–22:** ഇസഹാക്കിന്റെ ജനനത്തെക്കുറിച്ച് അബ്രാഹത്തോടുള്ള അറിയിപ്പും, അബ്രാഹത്തിന്റെ പ്രതികരണവും, കർത്താവിന്റെ മറുപടിയുമാണ് ഈ തിരുവചനഭാഗത്തു പ്രതിപാദിക്കുന്നത്. തന്റെ ഭാര്യയായ സാറായിൽനിന്ന് തനിക്ക് ഒരു പുത്രൻ



malankaralibrary.com

ജനിക്കാൻപോകുന്നു എന്നു കേട്ടപ്പോൾ, നൂറു വയസായ തനിക്ക് തൊണ്ണൂറു തികഞ്ഞ വന്ധ്യയായ ഭാര്യയിൽനിന്ന് ഒരു പുത്രൻ ജനിക്കുന്നതെങ്ങനെയെന്നു ചിന്തിച്ച് അബ്രാഹം ചിരിച്ചു. ദൈവം വിളിച്ചപ്പോൾ വിശ്വാസപൂർവ്വം അങ്ങിൽ ശരണപ്പെട്ട് എല്ലാം ഉപേക്ഷിച്ച് ഇറങ്ങിത്തിരിച്ച അബ്രഹാം ഇപ്പോൾ എന്തുകൊണ്ട് ഇപ്രകാരം ചിന്തിച്ച് ചിരിച്ചു? ദൈവത്തിന്റെ വാഗ്ദാനം കാത്തിരുന്ന് കാലതാമസമുണ്ടായപ്പോൾ ഭാര്യയുടെ നിർദ്ദേശപ്രകാരം ഹാഗാറിനെ പ്രാപിച്ച് ഇസ്മയേൽ ജനിക്കുകയും, അങ്ങനെ ദൈവികപദ്ധതിയിൽനിന്ന് വ്യതിചലിക്കുകയും ചെയ്തതുകൊണ്ടാകാം. എങ്കിലും സാറായിൽ ജനിക്കാനിരിക്കുന്ന ഇസഹാക്കുമായിട്ടായിരിക്കും അവിടുന്ന് നിത്യമായ ഉടമ്പടിസ്ഥാപിക്കുന്നതെന്ന് ദൈവം വീണ്ടും ഉറപ്പിച്ചുപറഞ്ഞപ്പോൾ അബ്രഹാം വീണ്ടും വിശ്വാസത്തിലുറച്ചു. ഈ ഉടമ്പടി പരമപിതാവ് തന്റെ ഏകജാതനിലൂടെ സ്ഥാപിച്ച നിത്യമായ ഉടമ്പടിയുടെ പ്രതീകമാണ്. ഈ തിരുവചനത്തിൽനിന്ന് താഴെപ്പറയുന്ന മൂന്നു കാര്യങ്ങൾ നമ്മുടെ വിചിന്തനത്തിനായി നല്കുന്നു.

(1) വാഗ്ദാനങ്ങളിൽ വിശ്വസ്ഥനായ ദൈവം വിളിക്കപ്പെട്ടവർ അവിശ്വസ്ഥരാകുമ്പോഴും അവർക്ക് പ്രത്യാശ നല്കി തിരിച്ചുവരവിനായി അവസരം നല്കും, അവിടുത്തെ പദ്ധതിക്ക് മാറ്റം വരുത്തുകയില്ല.

– അബ്രഹാമിനെ സന്ദർശിച്ച ദൈവം തന്റെ പുത്രനിലൂടെ ഇന്നു നമ്മെയും സന്ദർശിക്കുന്നു. ഈ സാന്നിദ്ധ്യവും സഹവാസവും അനുഭവിക്കുവാൻ നാം നമ്മെത്തന്നെ ഒരുക്കണം. അവിടുന്നു നമ്മുടെ പക്കലേക്കിറങ്ങിവന്നതിനാൽ നാം നമ്മെത്തന്നെ വിശുദ്ധീകരിച്ച് അവിടുത്തെ പക്കലേക്കുയരാൻ ശ്രമിക്കണം.

– അർഹിക്കാത്ത നന്മകൾകൊണ്ട് നമ്മെ അനുഗ്രഹിക്കുവാനും സകലർക്കും അനുഗ്രഹമായിത്തീരുവാനുമാണ് ദൈവം നമ്മെ വിളിക്കുന്നതെന്ന സത്യവും ഈ തിരുവചനഭാഗം നമ്മെ പഠിപ്പിക്കുന്നു. ഈ വിളി നാം വിശ്വാസപൂർവ്വം സ്വീകരിക്കണം.

**ന്യായാ 13:1–7:** കർത്താവിന്റെ ദൂതൻ മനോവയുടെ വന്ധ്യയായ ഭാര്യയെ സമീപിച്ച് സാംസന്റെ ജനനത്തെക്കുറിച്ച് അറിയി



malankaralibrary.com

ക്കുന്ന തിരുവചന ഭാഗമാണിത്. "നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ആജീവനാന്തം ദൈവത്തിനു നാസീർ വ്രതക്കാരനായിരിക്കും."സാംസണാണ് ഫിലിസ്ത്യരുടെ കയ്യിൽനിന്ന് ഇസ്രായേൽജനത്തെ മോചിപ്പിച്ചത്.

മനുഷ്യന്റെ കരുത്തോ മിടുക്കോ അല്ല ദൈവത്തിന്റെ തെരഞ്ഞെടുപ്പും നിയോഗിക്കലുമാണ് ലക്ഷ്യനിർവ്വഹണത്തിലേക്കും വിജയത്തിലേക്കും നമ്മെ നയിക്കുന്നതെന്ന സത്യമാണ് ഈ തിരുവചനം നമ്മെ പഠിപ്പിക്കുന്നത്.

**ഏശ 41:8–16:** "എന്റെ ദാസനായ ഇസ്രായേലേ, ഞാൻ തിരഞ്ഞെടുത്ത യാക്കോബേ, എന്റെ സ്നേഹിതനായ അബ്രാഹത്തിന്റെ സന്തതീ. നീ എന്റെ ദാസനാണ്. ഞാൻ നിന്നെ തിരഞ്ഞെടുത്തു; ഇനി ഒരിക്കലും ഉപേക്ഷിക്കുകയില്ല എന്നു പറഞ്ഞുകൊണ്ട് ഭൂമിയുടെ അതിർത്തികളിൽനിന്നു ഞാൻ നിന്നെ തിരഞ്ഞെടുത്തു. വിദൂരദിക്കുകളിൽനിന്നു ഞാൻ നിന്നെ വിളിച്ചു. ഭയപ്പെടേണ്ട ഞാൻ നിന്നോടുകുടെയുണ്ട്. സംഭ്രമിക്കേണ്ട ഞാനാണു നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തുകൈകൊണ്ട് ഞാൻ നിന്നെ താങ്ങിനിർത്തും.... നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലത്തുകൈ പിടിച്ചിരിക്കുന്നു. ഞാനാണു പറയുന്നത്, ഭയപ്പെടേണ്ട, ഞാൻ നിന്നെ സഹായിക്കും. ... നീ കർത്താവിൽ ആനന്ദിക്കും; ഇസ്രായേലിന്റെ പരിശുദ്ധനിൽ ആനന്ദം കൊള്ളും."

ഇസ്രായേൽ കർത്താവിന്റെ ആദ്യജാതനും, അവിടുത്തെ തിരുഹിതം നിറവേറ്റുവാനായി അവിടുന്ന് തിരഞ്ഞെടുത്ത ദാസനുമാണ് (*ebed*). അവിടുത്തെ തിരുഹിതം നിറവേറ്റുക എന്നതാണ് വിശ്വസ്ത ദാസന്റെ കടമ. ഈ ദൗത്യ നിർവ്വഹണത്തിൽ അവിടുന്നു തന്നെ തന്റെ ദാസനെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. ദൈവത്തിന്റെ തിരഞ്ഞെടുപ്പ് ഒരു പ്രിവിലെജ് (Privilage) അല്ല, പിന്നെയോ ശുശ്രൂഷചെയ്യാനുള്ള വിളിയാണ്.

**അപ്പ 3:21–26:** മോശമുതലുള്ള പ്രവാചകന്മാരാൽ മുൻ അറിയിക്കപ്പെട്ടതും സകലരും സ്വീകരിക്കേണ്ടതുമായ ഒരു യാഥാർത്ഥ്യ



malankaralibrary.com

മായിട്ടാണ് മനുഷ്യാവതാര രഹസ്യത്തെ ഈ തിരുവചനഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നത്. "ആദിമുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർ വഴി ദൈവം അരുളിച്ചെയ്തതുപോലെ സകലത്തിന്റെയും പുനഃസ്ഥാപനകാലംവരെ സ്വർഗ്ഗം അവനെ സ്വീകരിക്കേണ്ടിയിരിക്കുന്നു. മോശ ഇപ്രകാരം പറഞ്ഞു: ദൈവമായ കർത്താവ് നിങ്ങൾക്കായി, നിങ്ങളുടെ സഹോദരന്മാരുടെയിടയിൽനിന്ന്, എന്നെപ്പോലെ ഒരു പ്രവാചകനെ ഉയർത്തും...."

**റോമ 4:13–25:** പ്രതീക്ഷയ്ക്കു സാദ്ധ്യത ഇല്ലാതിരുന്നിട്ടും ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസമർപ്പിച്ച അബ്രഹാമിന്റെ വിശ്വാസത്തെക്കുറിച്ചാണ് ഈ തിരുവചനഭാഗത്തു പ്രതിപാദിക്കുന്നത്. വിശ്വാസമില്ലാത്തവനെപ്പോലെ ദൈവത്തിന്റെ വാഗ്ദാനത്തിനെതിരായി അവൻ ചിന്തിച്ചില്ല. വാഗ്ദാനം നിറവേറ്റാൻ ദൈവത്തിനു കഴിയുമെന്ന് അവനു പൂർണ്ണ ബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് അവന്റെ വിശ്വാസം അവന് നീതിയായി പരിഗണിക്കപ്പെട്ടത്.

ലൂക്ക 1:5–25: സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പാണ് ഈ തിരുവചന ഭാഗത്തിന്റെ ഉള്ളടക്കം. സഖറിയായും എലിസബത്തും ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും, കർത്താവിന്റെ കല്പനകളും ചട്ടങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു. ഇരുവരും പ്രായം കവിഞ്ഞവരും എലിസബത്ത് വന്ധ്യയുമായിരുന്നു. സഖറിയാ ദേവാലയത്തിൽ പ്രവേശിച്ച് ധൂപാർപ്പണം നടത്തവെ കർത്താവിന്റെ ദൂതൻ അവനു പ്രത്യക്ഷപ്പെട്ടു. ദൂതൻ അവനോടു പറഞ്ഞു: "സഖറിയാ ഭയപ്പെടേണ്ട. നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. നിന്റെ ഭാര്യ എലിസബത്തിൽ നിനക്ക് ഒരു പുത്രൻ ജനിക്കും. നീ അവന് യോഹന്നാൻ എന്നു പേരിടണം. നിനക്ക് ആനന്ദവും സന്തുഷ്ടിയും ഉണ്ടാകും. അനേകർ അവന്റെ ജനനത്തിൽ ആഹ്ളാദിക്കുകയും ചെയ്യും.... അമ്മയുടെ ഉദരത്തിൽവച്ചുതന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയും. ഇസ്രായേൽ മക്കളിൽ വളരെപ്പേരെ അവരുടെ ദൈവമായ കർത്താവിലേക്ക് അവൻ തിരികെ കൊണ്ടുവരും. പിതാക്കന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും, അനുസരണമില്ലാത്തവരെ നീതിമാന്മാരുടെ വിവേകത്തിലേക്കും തിരിച്ചുവിടാനും സജ്ജീകൃതമായ ഒരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കാനും ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടുംകൂടെ അവൻ കർത്താവിന്റെ



malankaralibrary.com

മുമ്പേ പോകും''. സഖറിയാ ദൂതനോട് ചോദിച്ചു: ''ഞാൻ ഇത് എങ്ങനെ അറിയും? ഞാൻ വൃദ്ധനാണ്; എന്റെ ഭാര്യ പ്രായം കവിഞ്ഞവളുമാണ്.'' ദൂതൻ മറുപടി പറഞ്ഞു:''യഥാകാലം പൂർത്തിയാകേണ്ട എന്റെ വചനം നീ അവിശ്വസിച്ചതുകൊണ്ട് നീ മൂകനായിത്തീരും. ഇവ സംഭവിക്കുന്നതുവരെ സംസാരിക്കാൻ നിനക്കു സാധിക്കുകയില്ല.''

നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു എന്ന ആമുഖത്തോടെയാണ് ദൈവദൂതൻ സദ്വാർത്ത അറിയിച്ചത്. അതായത്, ഒരു കുഞ്ഞിനുവേണ്ടി സഖറിയാ പ്രാർത്ഥിച്ചു കാത്തിരിക്കുകയായിരുന്നു എന്നർത്ഥം. മാത്രമല്ല, സഖറിയാ ഒരു പുരോഹിതനായിരുന്നു. എന്നിട്ടും ദൈവത്തിന്റെ വചനം അവിശ്വസിച്ചു എന്നതാണ് അവൻ ചെയ്ത തെറ്റ്. ഇതുപോലെ നമ്മുടെ അനുദിനജീവിതത്തിലും ദൈവം നമ്മെ സന്ദർശിച്ച് തിരുഹിതമറിയിക്കുന്ന പല സന്ദർഭങ്ങളുണ്ടാകും. അപ്പോൾ ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല എന്ന ഉറച്ച ബോദ്ധ്യത്തോടെ ആമേൻ പറയുവാൻ നമുക്ക് സാധിക്കണം. അങ്ങനെ വിശ്വാസത്തിൽ ശക്തിപ്രാപിച്ച്, അനുസരണമില്ലാത്തവരെ നീതിമാന്മാരുടെ വിവേകത്തിലേക്കു തിരിച്ചുവിടാനും സജ്ജീകൃതമായ ഒരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കാനുമായി ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടുംകൂടെ പ്രവർത്തിച്ചുകൊണ്ട് അവിടുത്തെ ആഗമനത്തിനുവേണ്ടി ഒരുങ്ങി കാത്തിരിക്കുവാൻ ഈ തിരുവചനം നമ്മെ ആഹ്വാനം ചെയ്യുന്നു.

### നവമ്പർ 25

## ദൈവമാതാവിനോടുള്ള അറിയിപ്പ്:

ഉൽ 3:8–15; 2 സാമു 7:8–17; സഖ 2:10–13;
1യോഹ 1:1–4; ഹെബ്ര 13:1–6; ലൂക്കാ 1:26–38

**ഉൽ 3:8–15:** ''വെയിലാറിയപ്പോൾ ദൈവമായ കർത്താവ് തോട്ടത്തിൽ ഉലാത്തുന്നതിന്റെ ശബ്ദം അവർ കേട്ടു. പുരുഷനും ഭാര്യയും അവിടുത്തെ മുമ്പിൽനിന്നു മാറി, തോട്ടത്തിലെ മരങ്ങൾക്കിടയിലൊളിച്ചു. അവിടുന്നു പുരുഷനെ വിളിച്ചു ചോദിച്ചു; നീ എവിടെയാണ്?....'' പാപിയെ പേരുചൊല്ലി വിളിച്ചുകൊണ്ട് തേടിയെത്തുന്ന ഈ ദൈവത്തിന്റെ ചിത്രം മനുഷ്യാവതാരത്തിൽ അതിന്റെ പൂർണ്ണതയിൽ വെളിപ്പെടുന്നു.



malankaralibrary.com

നമ്മുടെ അനുദിനജീവിതത്തിലെ പലവിധമായ വീഴ്ച്ചകളുടെ നിമിഷങ്ങളിൽ ഇപ്രകാരം ***നീ എവിടെയാണ്? നീ എന്താണീ ചെയ്യുന്നത്?*** എന്നു ചോദിച്ചുകൊണ്ട് നമ്മെ തേടിവരുന്ന ദൈവ സ്വരത്തിനു കാതോർക്കാം! മറ്റു വ്യക്തികളിലൂടെയും വിവിധ തരത്തിലും ഇപ്രകാരം ദൈവം നമ്മെ തേടിയെത്തിയെന്നു വരാം. അപ്പോഴെല്ലാം ആദിമാതാപിതാക്കളെപ്പോലെ പഴിചാരി ഒഴിഞ്ഞുമാറാതെ അനുതാപപൂർവ്വം സ്വന്തം തെറ്റ് അംഗീകരിച്ച് ഏറ്റുപറഞ്ഞുകൊണ്ട് മാപ്പപേക്ഷിക്കുവാൻ ഈ തിരുവചനം ഇന്നു നമ്മെ ആഹ്വാനം ചെയ്യുന്നു. ഇതു നമ്മിൽ അന്വർത്ഥമാക്കുമ്പോൾ മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യം നമ്മിൽ സഫലമാകുകയും ദൈവം നമ്മിൽ വിജയം വരിക്കുകയുമാണു ചെയ്യുന്നത്.

**2 സാമു 7:8–17:** കർത്താവിനുവേണ്ടി ഒരാലയം പണിയുവാൻ ആഗ്രഹിച്ച ദാവീദിനോട് നാഥാൻ പ്രവാചകൻവഴി കർത്താവ് തന്റെ തിരുഹിതമറിയിച്ചുകൊണ്ട് ദാവീദിനോടുള്ള തന്റെ ഉടമ്പടി വാഗ്ദാനം അറിയിക്കുന്നതാണ് ഈ തിരുവചന ഭാഗം.

"സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു, ആട്ടിടയനായിരുന്ന നിന്നെ മേച്ചിൽസ്ഥലത്തുനിന്നെടുത്ത് എന്റെ ജനമായ ഇസ്രയേലിന് അധിപനായി ഞാൻ നിയമിച്ചു. നീ പോയിടത്തെല്ലാം ഞാൻ നിന്നോടുകൂടെയുണ്ടായിരുന്നു.... നിന്നെ ഒരു വംശമായി വളർത്തും. ദിനങ്ങൾ തികഞ്ഞ് നീ പൂർവ്വീകരോടു ചേരുമ്പോൾ നിന്റെ ഔരസപുത്രനെ ഞാൻ ഉയർത്തി അവന്റെ രാജ്യം സുസ്ഥിരമാക്കും. അവൻ എനിക്ക് ആലയം പണിയും; അവന്റെ രാജസിംഹാസനം ഞാൻ എന്നേക്കും സ്ഥിരപ്പെടുത്തും...."

ഇവിടെ "നിന്റെ ഔരസപുത്രൻ" എന്നു പറഞ്ഞിരിക്കുന്നത് ദാവീദിന്റെ പുത്രൻ സോളമനെക്കുറിച്ചാണെന്നും, അവൻ എനിക്ക് ആലയം പണിയുമെന്നു പറഞ്ഞിരിക്കുന്നത് സോളമൻ പണിത ദേവാലയത്തെക്കുറിച്ചാണെന്നുമുള്ള ഒരു തെറ്റായ ധാരണ നമ്മുടെയിടയിൽ പൊതുവേയുണ്ട്. എന്നാൽ യഥാർത്ഥത്തിൽ "നിന്റെ ഔരസപുത്രൻ" എന്നു പറഞ്ഞിരിക്കുന്നത് ദാവീദിന്റെ പുത്രൻ യേശുവിനെക്കുറിച്ചാണെന്നും, അവൻ എനിക്ക് ആലയം പണിയുമെന്നു പറഞ്ഞിരിക്കുന്നത് കർത്താവിന്റെ ശരീരമാകുന്ന ആല



malankaralibrary.com

യത്തെക്കുറിച്ചാണെന്നുമുള്ള സത്യം "അവന്റെ രാജസിംഹാസനം ഞാൻ എന്നേക്കും സ്ഥിരപ്പെടുത്തും" എന്നു തുടങ്ങുന്ന വാക്യങ്ങളിൽനിന്നും വ്യക്തമാണ്.

1ദിന 17:9 മുതലുള്ള വാക്യങ്ങളിൽനിന്നും ഇതു വ്യക്തമാണ്. അവിടെ പറയുന്നത് കൂടാതെ ഞാൻ നിനക്ക് ഒരു ഭവനം പണിയും.. നിന്റെ പിൻഗാമിയായി നിന്റെ മക്കളിൽ ഒരുവനെത്തന്നെ ഞാൻ ഉയർത്തുകയും അവന്റെ രാജ്യം സുസ്ഥിരമാക്കുകയും ചെയ്യും. അവൻ എനിക്ക് ആലയം പണിയും. അവന്റെ സിംഹാസനം ഞാൻ എന്നേക്കും നിലനിർത്തും എന്നാണ്. ഇവിടെ കർത്താവ് ദാവീദിന് ഒരു ഭവനം പണിയുമെന്നു പറഞ്ഞിരിക്കുന്നതും, ദാവീദിന്റെ പുത്രൻ കർത്താവിനായി പണിയുമെന്നു പറഞ്ഞ ആലയവും, യേശുവിന്റെ ശരീരമാകുന്ന ആലയം ആണ്. യോഹ 2:19-ലെ യേശുവിന്റെ വാക്കുകളും ഈ ആശയം വ്യക്തമാക്കുന്നു: "നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക; മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും." ലൂക്കാ 1:26-38 -ൽ മറിയത്തോടുള്ള മംഗളവാർത്തയിൽ നിന്നും ഇതുതന്നെ വ്യക്തമാകുന്നു. മാത്രമല്ല, ആലയം എന്നതിനുപയോഗിച്ചിരിക്കുന്ന ഹീബ്രു പദവും സാധാരണ കെട്ടിടത്തെ സൂചിപ്പിക്കുവാനുപയോഗിക്കുന്ന പദമല്ല.

നമ്മുടെ കർത്താവിന്റെ തിരു അവതാരത്തെ ഏതെല്ലാം വിധത്തിൽ മുൻസുചിപ്പിച്ചിട്ടുണ്ടെന്നു കാണുക! ഈ അവബോധം നമുക്കുണ്ടോ? ഇവയുടെയെല്ലാം അർത്ഥം മനസ്സിലാക്കുവാനും ഇവ നിരന്തരം ധ്യാനിച്ചുലഭിക്കുന്ന ദൈവീകപ്രചോദനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ദൈവഹിതാനുസരണം ജീവിക്കുന്നതിനും നാം പരിശ്രമിക്കാറുണ്ടോ?

**സഖ 2:10-13:** "സീയോൻപുത്രീ, പാടിയുല്ലസിക്കുക. ഞാൻ വന്ന് നിങ്ങളുടെ ഇടയിൽ വസിക്കും - കർത്താവ് അരുളിച്ചെയ്യുന്നു. അന്ന് അനേക ജനതകൾ കർത്താവിനോടുചേരും. അവർ എന്റെ ജനമാകും. ഞാൻ നിങ്ങളുടെയിടയിൽ വസിക്കും. സൈന്യങ്ങളുടെ കർത്താവാണ് എന്നെ അയച്ചതെന്ന് അപ്പോൾ നിങ്ങൾ അറിയും. അപ്പോൾ കർത്താവ് വിശുദ്ധദേശത്ത് തന്റെ ഓഹരിയായി യൂദായെ സ്വന്തമാക്കും; ജറുസലേമിനെ വീണ്ടും തെരഞ്ഞെടുക്കും.



malankaralibrary.com

മർത്ത്യരേ കർത്താവിന്റെ സന്നിധിയിൽ നിശബ്ദരായിരിക്കുവിൻ. അവിടുന്ന് തന്റെ വിശുദ്ധ വസതിയിൽനിന്ന് എഴുന്നേറ്റിരിക്കുന്നു.''

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തെക്കുറിച്ച് സഖറിയാ പ്രവാചകനിലൂടെ ദൈവം നല്കിയ ഈ മുന്നറിയിപ്പ് തന്റെ മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യം വ്യക്തമാക്കുന്നു: ''അന്ന് അനേക ജനതകൾ കർത്താവിനോടുചേരും. അവർ എന്റെ ജനമാകും. ഞാൻ നിങ്ങളുടെയിടയിൽ വസിക്കും''. ഈ ദൈവതിരുഹിതം നിറവേറ്റുവാൻതക്കവിധം സ്വയം ഒരുങ്ങി സകലരെയും സുവിശേഷം അറിയിക്കുവാനും, അതിനായി ദൈവജനത്തെ ഒരുക്കുവാനും ദൈവം നമ്മെ ആഹ്വാനം ചെയ്യുന്നു!

**ഹെബ്രാ 13:1–6:** നമ്മുടെ കർത്താവിന്റെ തിരു അവതാരത്തിനായി സ്വഹൃദയങ്ങളെ ഒരുക്കി ജീവിതശൈലിയിൽ വേണ്ട മാറ്റം വരുത്താനാണ് ഈ തിരുവചനം നമ്മെ ആഹ്വാനം ചെയ്യുന്നത്.

**ലൂക്കാ 1:26–38:** യേശുവിന്റെ ജനനത്തെക്കുറിച്ച് ദൈവമാതാവിനോടുള്ള അറിയിപ്പാണ് ഈ തിരുവചനഭാഗത്തിന്റെ ഉള്ളടക്കം. ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ! എന്നു പറഞ്ഞുകൊണ്ടാണ് ദൈവദൂതൻ മറിയത്തിന്റെ അടുത്തുവന്നത്. അതായത് ദൈവകൃപയാണ് മറിയത്തെ ധന്യയും ഭാഗ്യവതിയുമാക്കി തീർത്തത്. ദൈവം അവളോടുകൂടെയുണ്ടായിരുന്നു. അവൾ സദാ ദൈവസാന്നിദ്ധ്യത്തിലും ആയിരുന്നു.

ദൈവദൂതന്റെ അഭിസംബോധനയുടെ അർത്ഥം മനസ്സിലാകാതെ മറിയം വളരെ അസ്വസ്ഥയായി. ദൈവദൂതൻ സന്ദർശിച്ചവരെല്ലാം തന്നെ അവിടുത്തെ സാന്നിദ്ധ്യത്തിൽ അസ്വസ്ഥരാകുന്നതായി വി. ഗ്രന്ഥത്തിലുടനീളം നമുക്ക് കാണാം. ദൈവദൂതന്റെ സാന്നിദ്ധ്യം ദൈവസാന്നിദ്ധ്യം തന്നെയാണ്. മഹോന്നതനായ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ബലഹീനനായ മനുഷ്യന് സംഭ്രമിക്കാതിരിക്കാനാവില്ല.

മാലാഖ തുടർന്നു, ''മറിയമേ നീഭയപ്പെടേണ്ട. നീ ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം. അവൻ



malankaralibrary.com

വലിയവൻ ആയിരിക്കും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും. യാക്കോബിന്റെ ഭവനത്തിന്മേൽ അവൻ എന്നേയ്ക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല." ഈ വാക്യങ്ങൾ മറിയത്തിൽ ജനിക്കാനിരിക്കുന്ന ശിശു ആരായിരിക്കും എന്നു വ്യക്തമാക്കുന്നു. അവൻ ദാവീദിന്റെ ഗോത്രജനായിരിക്കും, ദാവീദിനോടു ദൈവം ചെയ്ത വാഗ്ദാനം (1 ദിനവൃ 17:11–15; 2 സാമു 7:12–17) അവനിൽ പൂർത്തിയാക്കപ്പെടുകയും ചെയ്യുമെന്ന് ദൈവദൂതൻ മറിയത്തിന് ഉറപ്പു നല്കി.

ഞാൻ പുരുഷനെ അറിയുന്നില്ല, പിന്നെ ഇതെങ്ങനെ സംഭവിക്കുമെന്ന മറിയത്തിന്റെ സംശയത്തിന് മാലാഖ നല്കുന്ന മറുപടിയിലൂടെ യേശുവിന്റെ അസ്തിത്വംതന്നെ വെളിപ്പെടുത്തുകയാണ്: "പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ ജനിക്കാൻപോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും.... ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല."സഖറിയാ സംശയിച്ചപ്പോൾ ദൈവം ഒരു ചെറിയ ശിക്ഷകൊടുത്തു. എന്നാൽ മറിയം തന്റെ സംശയം ദൈവദൂതന്റെ മുന്നിൽ തുറന്നു വച്ചപ്പോൾ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തി! ഇതെന്തുകൊണ്ടെന്നു നാം ചിന്തിച്ചേക്കാം. സഖറിയാ ദൈവഹിതം അറിയാനും വിശ്വസിക്കുവാനും കടപ്പെട്ട ഒരു പുരോഹിതൻ. എന്നാൽ മറിയമോ, യുവത്വത്തിലേക്കു പ്രവേശിച്ച ഒരു ബാലിക! മാത്രമല്ല, സഖറിയാ ദൈവത്തെ അവിശ്വസിച്ചു എന്ന് ദൈവദൂതന്റെ വാക്കുകളിൽനിന്നു വ്യക്തമാകുന്നുണ്ട്. എന്നാൽ മറിയം ദൂതന്റെ വാക്കുകൾ അവിശ്വസിക്കുകയായിരുന്നില്ല, ഇതെങ്ങനെ സംഭവിക്കുമെന്ന അവളുടെ സംശയം ദൈവതിരുമുമ്പിൽ തുറന്നുവച്ചു എന്നു മാത്രം. തുടർന്നുള്ള അവളുടെ സമ്പൂർണ്ണ സമർപ്പണത്തിന്റെ വാക്കുകളിൽനിന്ന് അവളുടെ വിശ്വാസത്തിന്റെ ആഴങ്ങൾ വെളിപ്പെടുന്നു: മറിയം പറഞ്ഞു: ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!"

അന്നത്തെ പശ്ചാത്തലത്തിൽ തനിക്കുവരാവുന്ന ഭവിഷത്തുകളെക്കുറിച്ചൊന്നും ചിന്തിക്കാതെ ഉടനടി ഇപ്രകാരമൊരു സമ്പൂർണ്ണ



malankaralibrary.com

സമർപ്പണം നടത്തുവാൻ ഇത്രയും ചെറുപ്പത്തിലേ മറിയത്തിന് എങ്ങനെ കഴിഞ്ഞു എന്നു ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. ഖുറാനിൽനിന്നാണ് എനിക്ക് ഇതിനു തൃപ്തികരമായ ഒരു മറുപടി കിട്ടിയത്. ഖുറാന്റെ മൂന്നാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ളത് മറിയത്തിന്റെ അമ്മ അവളെ ഗർഭത്തിൽവച്ചുതന്നെ ദൈവത്തിനായി സമർപ്പിച്ചു എന്നും, മറിയത്തിന് ബാല്യംമുതൽതന്നെ താൻ ദൈവത്തിന്റേതാണെന്ന ബോദ്ധ്യമുണ്ടായിരുന്നുവെന്നുമാണ്. മാത്രമല്ല ക്രിസ്തീയ പാരമ്പര്യം പറയുന്നതും മറിയം നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിനായി കാത്തിരിക്കുകയും, ദൈവപുത്രന്റെ അമ്മയാകുവാൻ ഭാഗ്യം ലഭിക്കുന്ന കന്യകയ്ക്കു ദാസ്യവേലചെയ്യുവാനായുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു എന്നാണ്. അങ്ങനെ ദൈവപുത്രനെ തനിക്കും കരങ്ങളിലെടുക്കാനുള്ള ഭാഗ്യം ലഭിക്കുമല്ലോ എന്നതായിരുന്നു അവളുടെ ചിന്ത.

മറിയത്തിന്റെ അമ്മയെപ്പോലെ ഇന്നത്തെ അമ്മമാർ ഉദരത്തിൽ വച്ചുതന്നെ തങ്ങളുടെ കുഞ്ഞുങ്ങളെ ലോകത്തിലെ നേട്ടങ്ങൾ സ്വപ്നംകണ്ടു സമർപ്പിക്കാതെ ദൈവതിരുഹിതത്തിനായി സമർപ്പിക്കുകയും, കുഞ്ഞുങ്ങളെ ബാല്യത്തിലും യുവത്വത്തിലുമെല്ലാം സത്‌വിചാരങ്ങൾ പുലർത്തുവാനും സഹായിച്ചിരുന്നെങ്കിൽ എത്ര നല്ലതായിരുന്നു!!!

## ഇരുപത്തിയഞ്ച് നോമ്പ് ആരംഭം

നമ്മുടെ കർത്താവിന്റെ ജനനത്തിരുനാളിനുവേണ്ടിയുള്ള പ്രത്യേക ഒരുക്കത്തിന്റെ കാലമാണല്ലോ 25 നോമ്പ്. ഈ 25 നോമ്പിന്റെ ആരംഭത്തിൽ കഴിഞ്ഞ ആഴ്ച്ചകളിലെ ധ്യാനത്തിന്റെ വെളിച്ചത്തിൽ നല്ല ഒരു കുമ്പസാരം നടത്തി, താഴെപ്പറയുന്ന നിയോഗങ്ങളോടെ നമുക്ക് നോമ്പിലേക്കു പ്രവേശിക്കാം!

1. ഇമ്മാനുവേൽ ആയിത്തീർന്ന (ദൈവം നമ്മോടുകൂടെ) ദൈവപുത്രനെ സ്വീകരിക്കുവാനും അവിടുത്തെ സാദൃശ്യത്തിലേക്കു വളരാനും നമ്മെത്തന്നെ അനുദിനം ഒരുക്കുക.



malankaralibrary.com

2. നാം മറ്റുള്ളവർക്ക് ദൈവസാന്നിദ്ധ്യമായിത്തീരുക.

3. സ്വയം വിശുദ്ധീകരിക്കുന്നതിനോടൊപ്പം നമുക്കുചുറ്റുമുള്ള ലോകത്തെയും നമ്മോടു ബന്ധപ്പെടുന്നവരെയും വിശുദ്ധീകരിക്കുവാൻതക്ക വിശ്വാസചൈതന്യത്തിലേക്കു ജീവിതവിശുദ്ധിയിലേക്കും വളരാൻ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യുക.

4. രക്ഷ സമാഗതമായതിന്റെ ആനന്ദവും സമാധാനവും സ്വയം അനുഭവിക്കുക.

5. നമുക്കുചുറ്റുമുള്ള വ്യക്തികളെയും ലോകത്തെയും സുവിശേഷചൈതന്യത്താൽ പുരിതമാക്കുവാൻ തീഷ്ണമായി ആഗ്രഹിക്കുകയും, അതിനായി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുക.

**ഡിസംബർ ഒന്ന്: 1 തിമോ 4:6–10; യോഹ 1:1–5**

**1 തിമോ 4:6–10:** "…. ദൈവഭക്തിയിൽ പരിശീലനം നേടുക. ശാരീരികമായ പരിശീലനംകൊണ്ടു കുറച്ചു പ്രയോജനമുണ്ട്. എന്നാൽ ആത്മീയത എല്ലാവിധത്തിലും വിലയുള്ളതാണ്. എന്തുകൊണ്ടെന്നാൽ, അത് ഈ ജീവിതത്തെയും വരാനിരിക്കുന്ന ജീവിതത്തെയും സംബന്ധിക്കുന്ന വാഗ്ദാനങ്ങൾ ഉൾക്കൊള്ളുന്നു. വചനം വിശ്വാസയോഗ്യവും തികച്ചും സ്വീകാര്യവുമാണ്. ഈ ലക്ഷ്യത്തെ മുൻനിർത്തിയാണ് നാം അദ്ധ്വാനിക്കുന്നതും പോരാടുന്നതും. എല്ലാ മനുഷ്യരുടെയും, വിശിഷ്യ വിശ്വാസികളുടെയും രക്ഷകനായ ജീവിക്കുന്ന ദൈവത്തിലാണ് നാം പ്രത്യാശയർപ്പിക്കുന്നത്".

എല്ലാമനുഷ്യരുടെയും, പ്രത്യേകിച്ച് വിശ്വാസികളുടെ, രക്ഷകനായ ജീവിക്കുന്ന ദൈവത്തിൽ പ്രത്യാശയർപ്പിച്ചുകൊണ്ട് ആത്മീയ വളർച്ചയ്ക്കായി നിരന്തരം പരിശ്രമിക്കുവാൻ ശ്ലീഹാ നമ്മെ ആഹ്വാനം ചെയ്യുകയാണ് ഈ തിരുവചനഭാഗത്തിലൂടെ. ആത്മീയവളർച്ചയ്ക്കായുള്ള പരിശീലനവും പരിശ്രമവും എല്ലാവിധത്തിലും പ്രയോജനപ്രദവും നിത്യമായ വിലയുള്ളതുമാണ്. ഈ വർഷത്തെ 25 നോമ്പിന്റേതായ ഈ അവസരത്തിൽ നമ്മുടെ



malankaralibrary.com

ഹൃദയങ്ങളെയും മനസ്സിനെയും കർത്താവിനുവന്നുപിറക്കുവാൻ ഉചിതമായ വാസസ്ഥലമായി ഒരുക്കിക്കൊണ്ടുള്ള ശരിയായ ആത്മീയ വളർച്ചക്കുവേണ്ടി നമുക്കു പ്രത്യേകം ശ്രദ്ധിക്കാം. ഈ ലക്ഷ്യത്തെ മുൻനിർത്തി നമുക്ക് നിരന്തരം അദ്ധ്വാനിക്കുകയും പോരാടുകയും ചെയ്യാം.

**യോഹ 1:1-5:** "ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു. സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല. അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല."

മനുഷ്യാവതാര രഹസ്യത്തിലേക്കാണ് ഈ തിരുവചനഭാഗം നമ്മെ ക്ഷണിക്കുന്നത്. യോഹ 1:1-ന്റെ അവതരണശൈലി ഉൽപത്തി പുസ്തകത്തിന്റെ പശ്ചാത്തലത്തിലേക്കു നമ്മുടെ ചിന്തയെ നയിക്കുന്നു. അന്ധകാരനിബിഡവും രൂപരഹിതവുമായ ഭൂമിക്ക് രൂപവും വെളിച്ചവും നല്കിക്കൊണ്ട് പരമപിതാവിൽനിന്നുദിച്ചുയർന്ന നിത്യവെളിച്ചമായ വചനം, സമസ്ത സൃഷ്ടിക്കും കാരണമായ വചനം (ഉൽ 1:1-27). ദൈവം മനുഷ്യനെ തന്റെ സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച് (ഉൽ 1:27) അവനെ തന്നോടൊപ്പം പാർപ്പിക്കുകയും അവനെ സന്ദർശിക്കുകയും അവനോടു വ്യക്തിപരമാം വിധം ഇടപെടുകയും ചെയ്തത് അനാദിയിലേ ദൈവത്തോടുകൂടെയായിരുന്ന ദൈവം തന്നെയായ വചനത്തിലൂടെയാണ്. പാപത്താൽ തന്നിൽ നിന്നകന്നുപോയ മനുഷ്യനെത്തേടി അവന്റെ പിന്നാലെ കുതിക്കുകയും, മനുഷ്യചരിത്രത്തിലും വ്യക്തിജീവിതത്തിലും പ്രത്യേകമാംവിധം ഇടപെട്ട് സ്വയം വെളിപ്പെടുത്തിക്കൊണ്ട് മനുഷ്യനെ തന്നിലേക്കാകർഷിക്കുകയും ചെയ്യുന്ന ഒരു ദൈവത്തിന്റെ ചിത്രമാണ് വി. ഗ്രന്ഥം വെളിപ്പെടുത്തുന്നത്. പരമപിതാവായ ദൈവം തന്റെ വചനത്താലും അരൂപിയാലുമാണ് ഇപ്രകാരം മനുഷ്യന്റെ പിന്നാലെ അവനെത്തേടി പുറപ്പെടുന്നത്. മനുഷ്യൻ പാപം ചെയ്ത് ദൈവത്തിൽ നിന്നകന്നതു



malankaralibrary.com

മുതൽ ദൈവം ഇതാരംഭിച്ചു. ഉദാഹരണമായി പാപം ചെയ്ത് ദൈവത്തിൽ നിന്നും ഓടി ഒളിച്ച മനുഷ്യനെ പേരു ചൊല്ലി വിളിച്ചുകൊണ്ട് അവനെ തേടിവരുന്ന ദൈവത്തിന്റെ ചിത്രമാണ് ഉൽപ്പത്തി പുസ്തകം മൂന്നാം അദ്ധ്യായം എട്ടുമുതലുള്ള വാക്യങ്ങളിൽ നാം കാണുന്നത്. കായേൻ പാപത്തിന്റെ വക്കിലെത്തിയപ്പോൾ കരുണാമയനായ ദൈവം അവനെത്തേടിയെത്തി. അവിടുന്നവനോടു ചോദിച്ചു, ''നീ കോപിച്ചിരിക്കുന്നതെന്തുകൊണ്ട്? നിന്റെ മുഖം വാടിയിരിക്കുന്നതെന്തുകൊണ്ട്? ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? നല്ലതുചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽതന്നെ പതിയിരുപ്പുണ്ടെന്നോർക്കണം. അതു നിന്നിൽ താത്പര്യം വച്ചിരിക്കുന്നു; നീ അതിനെ കീഴടക്കണം.'' (ഉൽ.4:6–7)

പാപിയെ വീണ്ടെടുക്കുവാനായി തേടിയെത്തുന്ന ദൈവം തന്നെ നീതിമാന്റെ സംരക്ഷണത്തിനായും, സംശയചിത്തരെ ബലപ്പെടുത്താനായും, ചഞ്ചലഹൃദയർക്കുറപ്പു നല്കുന്നതിനായും, അന്ധകാരത്തിലിരിക്കുന്നവർക്കു വെളിച്ചം നല്കാനായും, അപകടത്തിലാകുന്നവരെ സംരക്ഷിക്കാനായും, ഹൃദയം തകർന്നവരുടെ നിലവിളി ശ്രവിക്കാനായും, രോഗികളെ സുഖപ്പെടുത്താനായും തേടിയെത്തുകയും അവരെ സന്ദർശിക്കുകയും ചെയ്യുന്നതായി നാം വി. ഗ്രന്ഥത്തിൽ വായിക്കുന്നു. ഉദാഹരണമായി, നീതിമാനായ നോഹയെ ദൈവം പാപക്കടലിൽനിന്ന് കോരിയെടുത്തു. പൂർവ്വപിതാവായ അബ്രഹാത്തിന്റെയും, ഇസഹാക്കിന്റെയും യാക്കോബിന്റെയും ജീവിതയാത്രയിൽ അവർ സംശയത്തിന്റെ നിഴലിലാണ്ടപ്പോഴും ഭയപ്പെട്ടപ്പോഴും ധൈര്യം പകർന്നുകൊണ്ട് അവിടുന്നു തേടിയെത്തി, അവിടുന്നവരെ സന്ദർശിച്ചു: '' അബ്രാം ഭയപ്പെടേണ്ട ഞാൻ നിനക്കുപരിചയാണ്'' (ഉൽ 15:1). അബ്രഹാം അവിശ്വസ്ഥനായപ്പോഴും അവിടുന്ന് വിശ്വസ്ഥനായി അവനെ സംരക്ഷിച്ചു. യാക്കോബ് തന്റെ സഹോദരന്റെ കടിഞ്ഞൂലവകാശം തട്ടിയെടുത്ത് അന്യദേശത്തേക്ക് ഒളിച്ചോടുന്നതിനിടയിലും അവിടുന്നവനെ സന്ദർശിച്ചു, ''ഇതാ ഞാൻ നിന്നോടുകൂടെയുണ്ട്. നീപോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തു രക്ഷിക്കും. നിന്നെ ഈ നാട്ടിലേക്കു തിരിയെ കൊണ്ടുവരും.... ഞാൻ നിന്നെ കൈവെടിയുകയില്ല'' (ഉൽ 28:15).



malankaralibrary.com

ഇസ്രായേൽ ജനം നെടുവീർപ്പിട്ടു നിലവിളിച്ചപ്പോൾ അവരുടെ ക്ലേശങ്ങൾ കണ്ട്, നിലവിളി കേട്ട്, യാതനകൾ അറിഞ്ഞ്, കർത്താവ് അവരുടെ പക്കലേക്കിറങ്ങിവന്നു (പുറ 3:7). ക്ലേശകാലത്ത് തന്റെ ജനത്തിനു പ്രത്യാശ നല്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന്റെ ചിത്രം പ്രവാചക ഗ്രന്ഥങ്ങളിലും ചരിത്രഗ്രന്ഥങ്ങളിലും ആവർത്തിച്ചാവർത്തിച്ചു നമുക്ക് ദർശിക്കാവുന്നതാണ്. ഇവിടെയെല്ലാം ദൈവം മനുഷ്യചരിത്രത്തിലിടപെടുന്നത് തന്റെ വചനത്തിലൂടെയാണ്. ഈ നിത്യമായ വചനം തന്നെയാണ് മാംസംധരിച്ച് നമ്മുടെയിടയിൽ വസിച്ചത് (യോഹ 1:14). സമാന്തര സുവിശേഷങ്ങളും, മറെറാരു ശൈലിയിലാണെങ്കിലും ഇതുതന്നെ അവതരിപ്പിക്കുന്നു.

നമ്മെ സന്ദർശിക്കുന്ന ഈ നിത്യവെളിച്ചമായ പുത്രൻതമ്പുരാനെക്കുറിച്ച് വി. ലൂക്കോസ് സുവിശേഷകൻ സഖറിയായുടെ വാക്കുകളിലൂടെ ഇപ്രകാരം ഉദ്ഘോഷിക്കുന്നു: "ഇസ്രായേലിന്റെ ദൈവമായ കർത്താവു വാഴ്ത്തപ്പെട്ടവൻ. അവിടുന്നു തന്റെ ജനത്തെ സന്ദർശിച്ചു രക്ഷിച്ചു; തന്റെ ദാസനായ ദാവീദിന്റെ ഭവനത്തിൽ നമുക്ക് ശക്തനായ ഒരു രക്ഷകനെ ഉയർത്തി. ആദിമുതൽ തന്റെ വിശുദ്ധന്മാരായ പ്രവാചകന്മാരുടെ അധരങ്ങളിലൂടെ അവിടുന്ന് അരുളിച്ചെയ്തതുപോലെ ശത്രുക്കളിൽനിന്നും നമ്മെ വെറുക്കുന്നവരുടെ കയ്യിൽനിന്നും നമ്മെ രക്ഷിക്കാനും.... (ലൂക്കാ 1:68–79). അതായത്, "നമ്മുടെ ദൈവത്തിന്റെ കാരുണ്യാതിരേകം കൊണ്ട് ഉയരത്തിൽ നിന്നുള്ള ഉദയരശ്മി നമ്മെ സന്ദർശിക്കുന്ന" രക്ഷയുടെ പുതുയുഗം യേശുവിലൂടെ ആരംഭിക്കുന്നതായിട്ടാണ് വിശുദ്ധ ലൂക്കോസ് അവതരിപ്പിക്കുന്നത് (ലൂക്കാ 1:78–79). പാപിയെ തേടിവരുന്ന ദൈവത്തിന്റെ ചിത്രം അതിന്റെ പൂർണ്ണതയിൽ എത്തുന്നത് മനുഷ്യരക്ഷാർത്ഥം തന്റെ ഏകജാതനെ നല്കുന്ന പിതാവായ ദൈവത്തിന്റെ സ്നേഹത്തിലാണെന്ന് വി. യോഹന്നാൻ ശ്ലീഹാ സാക്ഷിക്കുന്നു (യോഹ 3:16). സ്നേഹിതർക്കുവേണ്ടി സ്വയം ജീവിതം ബലിയർപ്പിക്കുവാനായി പരമപിതാവിൽനിന്നു വന്ന പുത്രന്റെ സ്നേഹവും അവർണ്ണനീയംതന്നെ. *ഇത്രമാത്രം നമ്മെ തന്റെ സ്നേഹത്താൽ സംരക്ഷിക്കുകയും പരിപാലിച്ചു നയിക്കുകയും*



malankaralibrary.com

*ചെയ്യുന്ന ഒരു ദൈവത്തിന്റെ ദിവ്യസ്നേഹവലയത്തിനുള്ളിലാണു നാം എന്ന വ്യക്തമായ അവബോധം നമുക്കിന്നുണ്ടോ? ഇതു നമുക്കനുഭവ വേദ്യമാകുന്നുണ്ടോ? ഈ സ്നേഹത്തിനു നാം എന്തു പ്രത്യുത്തരമാണു നല്കുന്നത്? ഈ സ്നേഹത്തെ നിരസിച്ച് തിന്മ ചെയ്യുവാൻ നമുക്കെ ങ്ങനെ സാധിക്കും?*

യഹൂദ–ക്രൈസ്തവ ദർശനമനുസരിച്ച് മനുഷ്യനെ സൃഷ്ടിച്ച് തനിയേ ആക്കിയിട്ട് എവിടെയോ മറഞ്ഞിരിക്കുന്നവനല്ല ദൈവം. അവിടുന്ന് മനുഷ്യരോട് വ്യക്തിപരമായി ഇടപെടുകയും വ്യക്തി ബന്ധം സ്ഥാപിക്കുകയും ചെയ്യുന്ന ദൈവമാണ് (A God of Relationship; a God who relates with His people very personally and walks with them). തന്റെ ദാസനായ മോശയോടവിടുന്ന് സ്നേഹിതൻ സ്നേഹിതനോടെന്നപോലെ വ്യക്തിപരമായി സംസാ രിക്കുകയും ഹൃദ്യമായി ഇടപെടുകയും ചെയ്തു. പ്രവാചകന്മാ രിലൂടെ അവിടുത്തെ ഹിതങ്ങൾ ജനത്തെ അറിയിച്ചു. മനുഷ്യച രിത്രത്തിലും വ്യക്തിജീവിതത്തിലും ഇടപെടുന്ന ദൈവത്തിന്റെ ഇപ്രകാരമുള്ള വൈവിദ്ധ്യമാർന്ന ഒരു ചിത്രമാണ് വി. ഗ്രന്ഥത്തി ലുടനീളം നമുക്കു കാണുവാൻ സാധിക്കുന്നത്. മനുഷ്യനെത്തേടി യുള്ള ദൈവത്തിന്റെ പ്രയാണത്തിന്റെ പരിപൂർണ്ണത നമുക്കു ദർശി ക്കാൻ കഴിയുന്നത് ദൈവപുത്രന്റെ മനുഷ്യാവതാരത്തിലാണ്.

പിതാവിനോടുകൂടെയായിരുന്ന നിത്യവചനം ദൈവ ത്തിൽനിന്ന് നേരിട്ട് നമ്മുടെ പക്കലേക്കു വന്നു. നമ്മെ ദൈവവു മായി ബന്ധിപ്പിക്കുവാൻ, ഭൗമീകരായ നമുക്ക് ദൈവീകലോകവു മായി സമ്പർഗ്ഗമുണ്ടാക്കിത്തരാൻ ദൈവത്തിൽനിന്നു നേരിട്ടുവന്ന വെളിപാടിന്റെ വെളിച്ചമാണ് വചനം. അവന്റെ ജീവനാണ് നമുക്കു ജീവനും വെളിച്ചവും, ഇരുളിൽ പ്രകാശിക്കുന്ന വെളിച്ചം. ആദി യിൽ അന്ധകാരനിബിഡവും രൂപരഹിതവുമായ ഭൂമിയിൽ ഉദി ച്ചുയർന്ന നിത്യവെളിച്ചം (ഉൽ 1:3), പരമപിതാവിൽനിന്നുദിച്ചുയർന്ന ആ നിത്യവചനം തന്നെയാണ് സമസ്തവും സൃഷ്ടിച്ചുകൊണ്ട് നമുക്കു ജീവനായി, ഇരുളിൽ പ്രകാശിക്കുന്ന വെളിച്ചമായി, സർവ്വ ലോകത്തിന്റെയും പ്രകാശമായി പ്രത്യക്ഷപ്പെട്ടത്.



malankaralibrary.com

## ഡിസംബർ 2 ഞായർ

# പരി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു

ഉൽ 18:1–15; 1 സാമു 2:1–10; 1പത്രോ 2:4–10;
1 തിമോ 2:9–15; ലൂക്കാ 1:39–56

ഉൽ 18:1–15: പൂർവ്വ പിതാവായ അബ്രഹാമിനെ മൂന്നു ദൈവ ദൂതന്മാരുടെ രൂപത്തിൽ കർത്താവു സന്ദർശിക്കുന്നതും സാറാ യിൽനിന്നു ജനിക്കാനിരിക്കുന്ന ശിശുവിനെക്കുറിച്ച് ഉറപ്പു നല്കു ന്നതുമാണ് ഈ തിരുവചനഭാഗം. "വസന്തത്തിൽ ഞാൻ തീർച്ച യായും തിരിയെവരും. അപ്പോൾ നിന്റെ ഭാര്യ സാറായ്ക്ക് ഒരു മകനുണ്ടായിരിക്കും" എന്നു കർത്താവു പറഞ്ഞതു കേട്ടപ്പോൾ സാറാ ഉള്ളിൽ ചിരിച്ചുകൊണ്ടു പറഞ്ഞു: "എനിക്കു പ്രായമേറെ യായി; ഭർത്താവും വൃദ്ധനായി. എനിക്കിനി സന്താനസൗഭാഗ്യം ഉണ്ടാകുമോ?" ഇതുകേട്ട കർത്താവ് അബ്രഹാമിനോടു ചോദിച്ചു, സാറാ ഇപ്രകാരം ചോദിച്ച് ചിരിച്ചതെന്തുകൊണ്ട്? കർത്താവിന് കഴിയാത്തത് എന്തെങ്കിലുമുണ്ടോ?

ഉൽ 17:15 മുതലുള്ള വാക്യങ്ങളിൽ അബ്രഹാം കമഴ്ന്നു വീണു ചിരിച്ചുകൊണ്ട് ഇപ്രകാരം ആത്മഗതം ചെയ്തു എന്നു പറ യുന്നുണ്ട്. *നാമും നമ്മുടെ അനുദിന ജീവിതത്തിൽ ഇപ്രകാരം ദൈവത്തെ അവിശ്വസിക്കുന്ന പല സന്ദർഭങ്ങൾ ഉണ്ടാകാറില്ലേ?* അങ്ങനെയുള്ള സന്ദർഭങ്ങളിൽ "കർത്താവിന് കഴിയാത്തത് എന്തെ ങ്കിലുമുണ്ടോ?" (ഉൽ 18:14) എന്ന തിരുവചനം അനുസ്മരിച്ച് വിശ്വാസത്തിൽ ശക്തി പ്രാപിക്കാൻ നമുക്ക് പരിശ്രമിക്കാം!

**1 സാമു 2:1–10:** തന്റെ പ്രാർത്ഥന കേട്ട് തനിക്കൊരു പുത്രനെ നല്കിയ ദൈവത്തോടുള്ള ഹന്നായുടെ സ്തുതി കീർത്തനമാണ് ഈ തിരുവചനഭാഗം. ഈ തിരുവചനഭാഗം വായിച്ച് ധ്യാനിക്കു കയും സ്വജീവിതത്തിൽ കർത്താവു നല്കുന്ന അനുഗ്രഹങ്ങൾ തിരിച്ചറിഞ്ഞ് ഇപ്രകാരം സ്തുതികീർത്തനം പാടുകയും ചെയ്യുക. 1പത്രോ 2:4–10 ഉം ഇതോടൊപ്പം ധ്യാനവിഷയമാക്കുക.

**ലൂക്കാ 1:39–56:** "ആ ദിവസങ്ങളിൽ, മറിയം യൂദയായിലെ മല



malankaralibrary.com

പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്കു തിടുക്കത്തിൽ യാത്രപുറപ്പെട്ടു" എന്നു പറഞ്ഞുകൊണ്ടാണ് ഈ തിരുവചന ഭാഗം ആരംഭിക്കുന്നത്. ഇവിടെ മറിയത്തിന്റെ ***തിടുക്കം*** തന്റെ ഉദരത്തിൽ വളരുന്ന വചനമാകുന്ന സദ്‌വാർത്തയും രക്ഷ സമാഗതമായതിന്റെ ആനന്ദവും പങ്കു വയ്ക്കുവാനുള്ള തിടുക്കമാണ്. മറിയം എലിസബത്തിന്റെ അടുക്കലേക്കു പോയതിന്റെ പ്രധാന ഉദ്ദേശ്യവും ഇതാണ്. അല്ലാതെ നാം പൊതുവേ പറയാറുള്ളതുപോലെ തന്റെ ചാർച്ചക്കാരിയെ ശുശ്രൂഷിക്കുവാനുള്ള തിടുക്കത്തിലല്ല അവൾ പോയത്.

അവൾ സഖറിയായുടെ ഭവനത്തിൽ പ്രവേശിച്ച് എലിസബത്തിനെ അഭിവാദനം ചെയ്തപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി. ലൂക്കായുടെ സുവിശേഷത്തിന്റെ പശ്ചാത്തലത്തിൽ ഈ കുതിച്ചുചാട്ടം (leaping with joy) സമാഗതമായ രക്ഷയുടെ ആനന്ദത്തെയും ദൈവാത്മ നിറവിനെയും സൂചിപ്പിക്കുന്നു. "അമ്മയുടെ ഉദരത്തിൽവച്ചുതന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയും" (ലൂക്കാ 1:15) എന്ന് ദൈവദൂതൻ സഖറിയായ്ക്ക് മുന്നറിയിപ്പു കൊടുത്തിരുന്നല്ലോ. എലിസബത്തും പരിശുദ്ധാത്മാവു നിറഞ്ഞവളായി. രക്ഷയുടെ പുതുയുഗം സമാഗതമായി. പുതുയുഗപ്പിറവിയെ സംബന്ധിച്ച ദൈവത്തിന്റെ വാഗ്ദാനങ്ങൾ അവിടുന്നു നിറവേറ്റിത്തുടങ്ങി.

ലൂക്കാ 1:46-56 വാക്യങ്ങളിൽ തുടർന്നുള്ള മറിയത്തിന്റെ സ്തോത്രഗീതമാണ്. രക്ഷയുടെ അനുഭവത്തിൽനിന്നുളവാകുന്ന ആനന്ദവും, വിനയവും, ദൈവത്തോടുള്ള കൃതജ്ഞതയും നിറഞ്ഞുതുളുമ്പുന്ന ഈ സ്തോത്രഗീതം നമുക്കും ദൈവത്തെ നിരന്തരം സ്തുതിക്കുവാനുള്ള പ്രചോദനമരുളുന്നു. രക്ഷകൻ സ്വഹൃദയത്തിൽ ജനിച്ചാൽ നമ്മുടെ സാന്നിദ്ധ്യത്തിൽ മറ്റുള്ളവർക്കും യേശു അനുഭവമുണ്ടാകും. എലിസബത്തിനെപ്പോലെ നമ്മോടു ബന്ധപ്പെടുന്നവരും പരിശുദ്ധാത്മാവിനാൽ നിറയും. ഹൃദയത്തിൽ യേശുജനിച്ചാലേ മറിയത്തെപ്പോലെ നമുക്കും ദൈവത്തെ സ്തുതിക്കുവാനാവുകയുള്ളു. *എനിക്കിതു സാധിക്കുന്നുണ്ടോയെന്ന് അനുദിനം ആത്മശോധനചെയ്ത് വേണ്ട തിരുത്തലുകളോടെ വിശ്വാസജീവിതത്തിൽ അനുദിനം മുന്നേറാൻ ശ്രമിക്കുക.*



malankaralibrary.com

## ഡിസംബർ 9 ഞായർ

# സ്നാപകയോഹന്നാന്റെ ജനനം

ലൂക്കാ 1:67–80; 1സാമു 1:19–28; സങ്കീ 89:1–11; മലാ 3:1–5;
അപ്പ 13:22–25; 2കൊരി 3:4–11; ലൂക്കാ 1:57–66

**1സാമു 1:19–28:** സാമുവേലിന്റെ ജനനത്തെ സംബന്ധിച്ച തിരുവചനമാണിത്. ഏല്ക്കാനയും കുടുംബവും അതിരാവിലെ എഴുന്നേറ്റ് കർത്താവിനെ ആരാധിച്ചതിനുശേഷം സ്വവസതിയിലേക്കു മടങ്ങിയാണ് ഏല്ക്കാന ഹന്നായെ പ്രാപിച്ചത്. ക്രിസ്തീയവും ഉത്തരവാദിത്വപൂർണ്ണവുമായ മാതൃപിതൃത്വത്തിന് വ്യക്തമായ മാതൃകയാണിത്. ഇപ്രകാരമുള്ള മാതാപിതാക്കളാണ് ലോകത്തിലുള്ളതെങ്കിൽ വരും തലമുറ എത്ര ദൈവീകമായി വളരുമായിരുന്നു!! ഈ മാതൃക പിന്തുടരാൻ നമ്മുടെ യുവതീയുവാക്കന്മാർക്കു കഴിഞ്ഞിരുന്നെങ്കിൽ!!!

**സങ്കീ 89:1–11:** കർത്താവ് ദാവീദിനോടു ചെയ്ത ഉടമ്പടി അനുസ്മരിക്കുമാറാകണമേ എന്ന പ്രാർത്ഥനയാണ് ഈ സങ്കീർത്തനഭാഗത്ത് മുഴങ്ങിക്കേൾക്കുന്നത്. (2 സാമു 7:8–17 –ഉം 1 ദിന 17:7–15 –ഉം ഈ സങ്കീ ഭാഗത്തോടൊപ്പം വായിച്ചു ധ്യാനിക്കുക).

**മലാ 3:1–5:** കർത്താവിന്റെ വരവിനെക്കുറിച്ചും, അവിടുത്തെ വരവിനു വഴിയൊരുക്കാൻ വരുന്ന ദൂതനെക്കുറിച്ചുമാണ് ഈ തിരുവചനത്തിൽ പ്രതിപാദിക്കുന്നത്.

**അപ്പ 13:22–25:** ജസ്സെയുടെ പുത്രനായ ദാവീദിനെയും, ദാവീദിന്റെ വംശത്തിൽ പിറന്ന യേശുവിനെയും, അവിടുത്തേക്ക് വഴിയൊരുക്കാൻ വന്ന സ്നാപകയോഹന്നാനെയുംകുറിച്ചു പ്രതിപാദിക്കുന്നു. "യോഹന്നാൻ ഇസ്രയേലിലെ എല്ലാ ജനതയോടും അനുതാപത്തിന്റെ ജ്ഞാനസ്നാനം പ്രസംഗിച്ചു. തന്റെ ദൗത്യം അവസാനിക്കാറായപ്പോൾ യോഹന്നാൻ പറഞ്ഞു; ഞാൻ ആരെ



malankaralibrary.com

ന്നാണ് നിങ്ങളുടെ സങ്കല്പം? ഞാൻ അവനല്ല, എന്നാൽ ഇതാ, എനിക്കുശേഷം ഒരുവൻ വരുന്നു. അവന്റെ പാദരക്ഷ അഴിക്കാൻ ഞാൻ യോഗ്യനല്ല."

**2കൊരി 3:4–11:** പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരായ തങ്ങളുടെ കർത്തൃശുശ്രൂഷയെക്കുറിച്ചാണ് വി. പൗലോസ് ശ്ലീഹാ ഈ തിരുവചനഭാഗത്ത് പ്രതിപാദിക്കുന്നത്. "മഷികൊണ്ടല്ല, ജീവിക്കുന്ന ദൈവത്തിന്റെ ആത്മാവുകൊണ്ട്, കല്പലകകളിലല്ല, മനുഷ്യരുടെ ഹൃദയഫലകങ്ങളിൽ ഞങ്ങളുടെ ശുശ്രൂഷവഴി എഴുതപ്പെട്ട ക്രിസ്തുവിന്റെ ലിഖിതമാണു നിങ്ങൾ"എന്ന ആമുഖത്തോടെ തുടങ്ങുന്ന ശ്ലീഹാ തുടർന്നു പറയുകയാണ് ഇതു തങ്ങളുടെ യോഗ്യതകൊണ്ടല്ല, ആത്മാവിനാൽ തങ്ങളെ പുതിയഉടമ്പടിയുടെ ശുശ്രൂഷകരാകാൻ യോഗ്യരാക്കിയിരിക്കുന്നതുകൊണ്ടാണ്. നിയമത്തിന്റെ തേജസ്സ് ശുശ്രൂഷകനായ മോശയുടെ മുഖത്തെ ജനത്തിനു നോക്കാനാവാത്തവിധം ജ്വലിപ്പിച്ചിരുന്നെങ്കിൽ ആത്മാവിന്റെ ശുശ്രൂഷ എത്രയേറെ തേജസ്സുറ്റതായിരിക്കും! മങ്ങിമറഞ്ഞുപോയത് തേജസ്സുറ്റതായിരുന്നെങ്കിൽ നിലനില്ക്കുന്നതു തീർച്ചയായും അതിനെക്കാൾ തേജസ്സുള്ളതായിരിക്കണം എന്നാണ് പൗലോസ് ശ്ലീഹാ പറയുന്നത് (2കൊറി 3:7–11).

**ലൂക്കാ 1:57–66, 67–80:** സ്നാപകയോഹന്നാന്റെ ജനനവും, തുടർന്നുള്ള സഖറിയായുടെ പ്രവചനഗീതവുമാണ് ഈ തിരുവചന ഭാഗങ്ങളുടെ ഉള്ളടക്കം. ഇവ രണ്ടും വായിച്ച് ധ്യാനിക്കുക. സഖറിയായുടെ പ്രവചനഗീതം പ്രത്യേകം ശ്രദ്ധേയമത്രെ.

അവിടുന്നു തന്റെ ജനത്തെ സന്ദർശിച്ചു രക്ഷിച്ചു. തന്റെ ദാസനായ ദാവീദിന്റെ ഭവനത്തിൽ നമുക്ക് ശക്തനായ ഒരു രക്ഷകനെ ഉയർത്തി. ഇത് ആദിമുതൽ തന്റെ പ്രവാചകന്മാർ വഴി മുന്നറിയിച്ചതനുസ്സരിച്ചാണ് (1:68–79). തന്റെ പുത്രനായി ജനിച്ച സ്നാപകയോഹന്നാന്റെ ദൗത്യമെന്തെന്നും സഖറിയായുടെ പ്രവചനഗീതത്തിൽ വ്യക്തമാക്കുന്നു: "കർത്താവിനു വഴിയൊരുക്കാൻ അവി



malankaralibrary.com

ടുത്തെമുമ്പേ നീ പോകും. അത് അവിടുത്തെ ജനത്തിന് പാപ മോചനം വഴിയുള്ള രക്ഷയെക്കുറിച്ച് അറിവുകൊടുക്കാനും, നമ്മുടെ ദൈവത്തിന്റെ കാരുണ്യാധിരേകംകൊണ്ട് ഉയരത്തിൽനി ന്നുള്ള ഉദയരശ്മി നമ്മെ സന്ദർശിക്കുമ്പോൾ, ഇരുളിലും മരണ ത്തിന്റെ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം വീശാനുംസമാ ധാനത്തിന്റെ മാർഗ്ഗത്തിലേക്ക് നമ്മുടെ പാദങ്ങളെ നയിക്കാനും വേണ്ടിയാണ്'' (ലൂക്കാ 1:70–79).

*ഈയൊരനുഭവത്തിലേക്ക് കടന്നുവരാൻ നമുക്കു സാധിക്കു ന്നുണ്ടോയെന്ന് സ്വയം ആത്മശോധന ചെയ്യുക.*

**ഡിസംബർ 16 ഞായർ**

## മാർ യൗസേഫിനുണ്ടായ ദർശനം

ഉൽ 37:5–11; 1രാജാ 3: 4–15; ഏശ 49:1–7;
അപ്പ 10:9–23; റോമ 2:1–7; മത്താ 1:18–25

മാർ യൗസേഫിനുണ്ടായ ദർശനത്തെക്കുറിച്ചു നാം അനുസ്മ രിക്കുന്ന ഈ ഞായറാഴ്ച മുകളിൽ പറഞ്ഞ തിരുവചനഭാഗങ്ങ ളാണ് നമ്മുടെ വിചിന്തനത്തിനും പങ്കുവയ്ക്കലിനുമായി തിരുസ്സഭ നല്കിയിട്ടുള്ളത്. ഉൽ 37:5–11–ൽ പഴയനിയമത്തിലെ ജോസഫി നുണ്ടായ ദർശനത്തെക്കുറിച്ചു പ്രതിപാദിക്കുന്നു. ഏശ 49:1–7–ൽ കർത്താവിന്റെ വിശ്വസ്തദാസനായ ഇസ്രായേലിനെക്കുറിച്ചു പ്രതി പാദിക്കുന്നു. എന്നാൽ ഈ ദാസന്റെ ദൗത്യം അതിന്റെ പൂർണ്ണത യിൽ നിറവേറുന്നത് യേശുവിലാണ്.

**മത്തായി 1:18–25:** മറിയവുമായി വിവാഹനിശ്ചയം ചെയ്തി രുന്ന ജോസഫിന്റെ ചിത്രവും, ദൈവതിരുഹിതം അവനെ അറി യിക്കുവാനായി ദൈവം നല്കുന്ന ദർശനവുമാണ് ഈ തിരുവച നഭാഗത്തിന്റെ ഉള്ളടക്കം. യേശുവിലൂടെയുള്ള ദൈവഹിതം നിറ വേറ്റുവാൻ സഹായിക്കുന്നതിന് ദൈവം തെരഞ്ഞെടുത്ത



malankaralibrary.com

വിശ്വസ്ത ദാസനാണ് വി. യൗസേഫ്. വിവാഹിതയാകുന്നതിനു മുമ്പ് താനറിയാതെ ഗർഭിണിയായി കാണപ്പെട്ട മറിയത്തെ എങ്ങനെ ഭാര്യയായി സ്വീകരിക്കും? എങ്ങനെ അവളെ ഉപേക്ഷിക്കും? നീതിമാനായ ജോസഫിന്റെ ധർമ്മസങ്കടം നമുക്ക് ഊഹിക്കാവുന്നതേയുള്ളു. മറിയത്തെ രഹസ്യമായി ഉപേക്ഷിക്കുവാൻ തീരുമാനിച്ച ജോസസഫിന് കർത്താവ് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് മറിയം ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിനാലാകയാൽ അവളെ ഭാര്യയായി സ്വീകരിക്കുവാൻ ശങ്കിക്കേണ്ട എന്നുറപ്പുനല്കി. പ്രവാചകൻ മുഖേന ഇതു മുന്നറിയിച്ചിട്ടുള്ളതും ജോസഫിന്റെ ശ്രദ്ധയിൽപെടുത്തി. ഇതുകേട്ടപ്പോൾ കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ അവൻ പ്രവർത്തിച്ചു, മറിയത്തെ അവൻ സ്വീകരിച്ചു എന്നാണ് തിരുവചനം സാക്ഷിക്കുന്നത്.

*വി. യൗസേഫിന്റെ ജീവിതത്തിലുള്ള ഈ ദൈവിക ഇടപെടലും, നീതിമാനായ ജോസഫിന്റെ മാതൃകയും നമ്മുടെ വ്യക്തിജീവിതത്തിനും ദൗത്യനിർവ്വഹണത്തിനും എന്തെല്ലാം മാതൃകയാണു നല്കുന്നതെന്നു ചിന്തിക്കുക.*

ഡിസംബർ 23

## യൽദായ്ക്കു മുമ്പുള്ള ഞായർ

ഉൽ 49: 8–12; രൂത്ത് 4:9–17; ജറ 25:5–8; മത്താ 1:1–17
1യോഹ 5:6–12; ഹെബ്ര 7:11–19; ലൂക്കാ 2:1–5

**ഉല്പ 49:8–12: "യൂദാ, നിന്റെ സഹോദരന്മാർ നിന്നെ പുകഴ്ത്തും, നിന്റെ കൈ ശത്രുക്കളുടെ കഴുത്തിൽ പതിക്കും.... ചെങ്കോൽ യുദായെ വിട്ടു പോവുകയില്ല; അതിന്റെ അവകാശി വന്നുചേരും വരെ അധികാര ദണ്ഡ് അവന്റെ സന്തതികളിൽ നിന്നു നീങ്ങിപ്പോകുകയില്ല...." യുദയാ ഗോത്ര വംശജനായുള്ള നമ്മുടെ കർത്താവിന്റെ വരവിനെക്കുറിച്ചുള്ള മുന്നറിയിപ്പാണ് ഈ തിരുവചനഭാഗത്തിൽ നാം ദർശിക്കുന്നത്.**



malankaralibrary.com

**രൂത്ത് 4:9-17:** മോവാബ്യയും മഹ്ലോന്റെ വിധവയുമായ രുത്തിനെ ദൈവം എങ്ങനെ ദാവീദ് ഗോത്രത്തിലേക്കു കൊണ്ടുവന്ന് നമ്മുടെ കർത്താവിന്റെ വംശാവലിയിൽ ചേർത്തുവെന്നു വ്യക്തമാക്കുകയാണ് ഈ തിരുവചനഭാഗത്തിൽ. വി. മത്തായി എഴുതിയ സുവിശേഷത്തിന്റെ ആരംഭത്തിലുള്ള വംശാവലിയോടു ചേർത്ത് ഈ തിരുവചനഭാഗം മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ ക്രിസ്തുവിലൂടെ സമാഗതമായ രക്ഷയിൽ സകലമനുഷ്യവംശങ്ങളേയും പങ്കെടുപ്പിക്കുവാനുള്ള ദൈവതിരുമനസ്സാണ് ഇതുവഴി വെളിപ്പെടുന്നത്. അതായത് യേശുക്രിസ്തു സഭാചരിത്രത്തിന്റെ മാത്രമല്ല മാനവചരിത്രത്തിന്റെ മുഴുവൻ കേന്ദ്രമായി നിലകൊള്ളുന്നു, അവനിൽ എല്ലാം ഒരുമിച്ചു ചേർക്കപ്പെട്ടിരിക്കുന്നു (എഫേ 1:10; കൊളോ 1:15-20) എന്നുള്ള യാഥാർത്ഥ്യത്തിലേക്കു വിരൽചൂണ്ടുകയാണ് ഈ തിരുവചനഭാഗം.

**ജറെ 23: 5-8:** നമ്മുടെ കർത്താവിന്റെ വരവിനെക്കുറിച്ചും, മനുഷ്യാവതാരത്തിനുപിന്നിലെ ദൈവീക ലക്ഷ്യങ്ങളെക്കുറിച്ചുമാണ് ഈ തിരുവചനഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നത്. "ഞാൻ ദാവീദിന്റെ വംശത്തിൽ നീതിയുടെ ശാഖമുളപ്പിക്കുന്ന ദിവസം വരുന്നു -കർത്താവ് അരുളിച്ചെയ്യുന്നു. അവൻ രാജാവായി വാഴും.... നാട്ടിൽ നീതിയും ന്യായവും അവൻ നടപ്പാക്കും. അവന്റെ നാളുകളിൽ യൂദാ രക്ഷിക്കപ്പെടും...."

**വി. മത്താ 1:1-17:** "അബ്രഹാത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തുവിന്റെ വംശാവലി ഗ്രന്ഥം" എന്നു പറഞ്ഞുകൊണ്ടാണ് വി. മത്തായി തന്റെ സുവിശേഷം ആരംഭിക്കുന്നത്. ദൈവം അബ്രഹാത്തോടു ചെയ്ത ഉടമ്പടിയുടെയും ദാവീദിനോടു ചെയ്ത വാഗ്ദാനത്തിന്റെയും പൂർത്തീകരണമാണ് യേശുക്രിസ്തുവിന്റെ തിരുഅവതാരം എന്നു സ്ഥാപിക്കുകയാണിതുവഴി. മത്തായിയെ സംബന്ധിച്ചിടത്തോളം യേശു മിശിഹായാണ്. പഴയനിയമത്തിൽ കാണുന്ന ദൈവീക വാഗ്ദാനങ്ങളും പ്രതീക്ഷകളുമെല്ലാം യേശുവിൽ നിറവേറി. അതുവഴി യുഗങ്ങളുടെ


malankaralibrary.com

പ്രതീക്ഷകളെല്ലാം പൂവണിയുകയാണ്. തിരഞ്ഞെടുക്കപ്പെട്ട ദൈവ ജനത്തിന്റെ ചരിത്രത്തിന്റെ ഭാഗവും ആ ചരിത്രത്തിന്റെ ലക്ഷ്യവും പൂർത്തീകരണവുമാണ് യേശു എന്നു കാണിക്കാനാണ് ഈ വംശാവലി സുവിശേഷത്തിന്റെ ആദ്യഭാഗത്തുതന്നെ വി. മത്തായി അവതരിപ്പിച്ചിരിക്കുന്നത്. ഇതിന്റെ ലക്ഷ്യം ജീവചരിത്രപരമല്ല, പിന്നെയോ ദൈവശാസ്ത്രപരമാണ്. അതിനാൽ ഇവയുടെ ദൈവശാസ്ത്രപരമായ അർത്ഥവും, അത് നമ്മുടെ ജീവിതത്തിനു നല്കുന്ന സന്ദേശവുമാണ് നാം സ്വീകരിക്കേണ്ടത്, അല്ലാതെ ചരിത്രപരമായ വസ്തുത എന്നനിലയിലല്ല.

വി. ലൂക്കോസിന്റെ ദൈവശാസ്ത്ര വീക്ഷണം വി. മത്തായിയുടേതിൽനിന്ന് വ്യത്യസ്തമാണ്. അതുകൊണ്ടാണ് രണ്ടു സുവിശേഷങ്ങളിലെയും വംശാവലി വിവരണത്തിലും തലമുറകളുടെ എണ്ണത്തിലും പരസ്പരചേർച്ചയില്ലാത്ത അഥവാ വ്യത്യസ്തമായ വിവരണങ്ങൾ കാണുന്നത്. ഇസ്രായേലിന്റെ ചരിത്രം മുഴുവൻ അതിന്റെ പാരമ്യത്തിലെത്തിക്കുന്ന മിശിഹായാണവിടുന്ന്. ഇസ്രായേലിൽ രാജവാഴ്ച അവസാനിച്ചെങ്കിലും മിശിഹാ ദാവീദുഗോത്രത്തിൽ പിറക്കുമെന്ന ദൈവീകവാഗ്ദാനം ഇപ്പോഴും നിലനില്ക്കുന്നുവെന്നു കാണിക്കുകയും അതുവഴി യേശുവിലുള്ള വിശ്വാസത്തിലേക്ക് യഹൂദരെ ആഹ്വാനം ചെയ്യുകയെന്നതുമാണ് അദ്ദേഹത്തിന്റെ ഉദ്ദേശ്യം. ഇസ്രായേലിന്റെ ചരിത്രം മുഴുവൻ ദാവീദിന്റെ പുത്രനായ യേശുമിശിഹായിലാണല്ലോ ലക്ഷ്യം നേടുന്നതും പൂർണ്ണത പ്രാപിക്കുന്നതും.

വി. ലൂക്കോസ് യേശുവിന്റെ വംശാവലി ജോസഫിൽ തുടങ്ങി (യഥാർത്ഥത്തിൽ യേശു ജോസഫിന്റെ പുത്രൻ അല്ല എന്നു സൂചിപ്പിക്കാനായി ജോസഫിന്റെ മകനാണെന്നു കരുതപ്പെട്ടിരുന്ന യേശു എന്നാണ് ലൂക്കാ പറയുന്നത്) പുറകോട്ടുപോയി ആദാമിലും ആദാമിൽനിന്ന് ദൈവത്തിലും ചെന്നവസാനിപ്പിക്കുകയാണ്. ഇത് യേശു ഇസ്രായേലിന്റെ മാത്രമല്ല സകലമനുഷ്യരുടെയും, അഥവാ മനുഷ്യകുലത്തിന്റെ മുഴുവൻ, രക്ഷകനാണെന്നു വ്യക്തമാക്കുവാൻവേണ്ടിയാണ്.



malankaralibrary.com

മനുഷ്യരുടെ വിശ്വാസവഞ്ചനയും പരാജയങ്ങളും പരിഗണിക്കാതെ വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം ഇസ്രായേലിന്റെ ചരിത്രഗതിയെ അപ്രതീക്ഷിത മാർഗ്ഗങ്ങളിലൂടെ നയിച്ച് ലക്ഷ്യത്തിലെത്തിച്ചു. മനുഷ്യന്റെ കണക്കുകൂട്ടലുകളെയെല്ലാം അതിലംഘിച്ചുകൊണ്ടാണ് ഈ ദൈവീകപദ്ധതി യേശുവിൽ പൂർത്തീകരിച്ചത്. വാഗ്ദാനങ്ങളിൽ വിശ്വസ്തതപുലർത്തുന്ന ദൈവം തന്റെ വാഗ്ദാനങ്ങൾ നിറവേററുന്നതിനു സ്വീകരിക്കുന്ന വഴികൾ അപ്രതീക്ഷിതവും മനുഷ്യബുദ്ധിക്കു ദുർഗ്രഹവുമാണ്. യേശുവിന്റെ പൂർവ്വീകരുടെ പട്ടികയിൽ താമാർ, റാഹാബ്, രൂത്ത്, ഊറിയായുടെ ഭാര്യ (ബെത്ഷേബാ) എന്നീ നാലു സ്ത്രീകളുടെ പേര്, അതും അവിഹിത ബന്ധങ്ങളിലൂടെ മാതൃത്വം സ്വീകരിച്ച സ്ത്രീകളുടെ പേര് ചേർത്തിട്ടുണ്ട്. സാധാരണ യഹൂദ വംശാവലിയിൽ സ്ത്രീകളുടെ പേരുചേർക്കാറില്ല. അങ്ങനെയെങ്കിൽ യേശുവിന്റെ വംശാവലി ഗ്രന്ഥത്തിൽ എന്തിന് ഈ സ്ത്രീകളുടെ പേരു ചേർത്തു? ഒന്നാമതായി, യേശുക്രിസ്തുവിലൂടെ ഒരുമിപ്പിക്കുന്ന ഭാവി സഭയിൽ പാപികളെയും വിജാതീയരെയുമെല്ലാം ഉൾപ്പെടുത്താൻപോകുന്നതിന്റെ സുചനയായി ഇതിനെ കാണാവുന്നതാണ്. രണ്ടാമതായി, സ്വാഭാവികമായ മാനുഷീകബന്ധങ്ങളോ കുലമഹിമയോ അല്ല ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലാണ് യേശുവിന്റെ ജനനത്തിന് വഴിയൊരുക്കിയതെന്ന് വ്യക്തമാക്കുന്നു. അതുവഴി യേശുവിന്റെ ജനനത്തിലെ അതിസ്വാഭാവീകതയും മാനുഷീകമായ തലത്തിലുള്ള ക്രമവിരുദ്ധതയും വ്യക്തമാക്കുകയാണ്. മൂന്നാമതായി, മനുഷ്യന്റെ അവിശ്വസ്തതയ്ക്കോ പാപാവസ്ഥയ്ക്കോ ദൈവത്തിന്റെ പദ്ധതികൾക്കു തടസ്സം സൃഷ്ടിക്കാനാവില്ലെന്നും തികച്ചും അപ്രതീക്ഷിതമാർഗ്ഗങ്ങളിലുടെ അവിടുന്ന് തന്റെ വാഗ്ദാനങ്ങൾ നിറവേററുമെന്നും സുവിശേഷകൻ ഊന്നിപ്പറയുന്നു. യേശുക്രിസ്തുവിന്റെ ഈ വംശാവലി തീർത്തും വിരസമായ ഒരുഭാഗമായി കരുതി അവഗണിച്ചു കളയുന്ന ഒരു പതിവു നമുക്കുണ്ട്. എന്നാൽ വി. മത്തായി വിവരിക്കുന്ന സുവിശേഷത്തിന്റെ ഒരു പ്രധാന ഭാഗം തന്നെയാണിത്. ദൈവത്തിന്റെ തെര



malankaralibrary.com

ഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ ചരിത്രത്തിൽ ആഴത്തിൽ വേരൂന്നിയ വ്യക്തിയാണ് യേശു. ആ ചരിത്രത്തിന്റെ ലക്ഷ്യവും പൂർത്തീകരണവുമെല്ലാം യേശു തന്നെയാണ്.

*ദൈവത്തിന്റെ ശക്തമായ കരങ്ങളാൽ നയിക്കപ്പെടുന്ന ഇസ്രായേലിന്റെ ചരിത്രംപോലെയാണോ പുതിയ ഇസ്രായേലായ നമ്മുടെ ഇന്നത്തെ ചരിത്രം? യേശുവിലാരംഭിച്ച പുതിയ ചരിത്രത്തിന്റെ ഭാഗമായ നമ്മുടെ ചരിത്രം രക്ഷാകരചരിത്രമായി കാണുന്നതിനു സാധിക്കുമോ? യേശുവിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹവും വിശ്വസ്തതയും നമ്മുടെ ജീവിതത്തിലും പ്രതിഫലിപ്പിക്കുവാൻ നമുക്കിന്നു സാധിക്കുന്നുണ്ടോ? നമ്മുടെ ജീവിതത്തിലുണ്ടാകുന്ന പ്രതികൂലവും വിചിത്രവുമായ സംഭവങ്ങളിലൂടെ ദൈവത്തിന്റെ പ്രവർത്തി കാണാൻ സാധിക്കുന്നുണ്ടോ? പ. മറിയത്തെപ്പോലെ ഈ രക്ഷാകരചരിത്രത്തിൽ ഉൾച്ചേരുന്നതിനും പങ്കുകാരാകുന്നതിനും നമുക്കു സാധിക്കുന്നുണ്ടോ? അതിനായി ശേഷിക്കുന്ന ജീവിതത്തെ നമുക്കാത്മാർത്ഥമായി സമർപ്പിക്കാം.*

1 യോഹ 5:6–12; ഹെബ്രാ 7:11–19 എന്നീ ഭാഗങ്ങളും വായിച്ചു ധ്യാനിക്കുക.

**ലൂക്കാ 2:1–5:** "ലോകമാസകലമുള്ള ജനങ്ങളുടെ പേര് എഴുതിച്ചേർക്കപ്പെടുവാനുള്ള്" (ലൂക്കാ 2:1) അഗസ്റ്റസ് സീസറിന്റെ കല്പനപ്രകാരമുള്ള ആദ്യത്തെ പേരെഴുത്തുമൂലമാണ് ജോസഫ് ഗർഭിണിയായ മറിയത്തോടുകൂടെ ദാവീദിന്റെ പട്ടണമായ ബേത്ലെഹെമിലേക്കു പോയത്. ഇവിടെ ലൂക്കോസിനെ സംബന്ധിച്ചിടത്തോളം ഒരു കാര്യം വളരെ പ്രധാനപ്പെട്ടതാണ്: അഗസ്റ്റസ് സീസറിന്റെ കല്പനയുടെ പിന്നിലെ ദൈവപരിപാലന. ലോകരക്ഷകൻ വന്നു പിറന്നപ്പോൾ ചക്രവർത്തി തന്റെ ലക്ഷ്യം നേടുന്നതിനും സാമ്രാജ്യത്തിന്റെ ഭദ്രതയ്ക്കും കെട്ടുറപ്പിനും വേണ്ടിയൊക്കെ ചെയ്തതെല്ലാം ജനപദങ്ങളെ കൂട്ടിയിണക്കിക്കൊണ്ട് കർത്താവിന്റെ രക്ഷാകരമായ ഇടപെടലിന് വഴിയൊരുക്കുന്ന മാർഗ്ഗങ്ങളായി മാറി. ഈ തിരുവ



malankaralibrary.com

*ചനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന തെല്ലാം ദൈവപരിപാലനയുടെ ഭാഗമായി കാണുവാനും അപ്ര കാരമുള്ള ഒരു മനോഭാവം വളർത്തിയെടുക്കുന്നതിനും പരിശ്രമി ക്കുക.*

## ഡിസംബർ 25:

# ക്രിസ്തുമസ് (യൽദാ)

**ഉൽ 21:1-8; മിഖാ 5:1-6; ഏശ 9:1-7; തീത്തോസ് 2:11-15; മത്താ 2:1-12**

പ്രകാശത്തിൽനിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ദൈവത്തിന്റ ഏകജാതനുമായ യേശു ക്രിസ്തുവിന്റെ ജനനമാണ് ക്രിസ്തുമസ് ദിനത്തിലും യൽദാ കാല ത്തിലും നാം അനുസ്മരിക്കുന്നത്. അബ്രഹാം മുതൽ കർത്താ വിന്റെ ജനനംവരെയുള്ള എല്ലാ സംഭവങ്ങളും, അവിടുത്തെ രക്ഷാ കരദൗത്യവും സമഗ്രമായി അനുസ്മരിക്കുകയാണ് ക്രിസ്തുമസ് ശുശ്രൂഷയുടെ ആരംഭംമുതൽ അവസാനംവരെയുള്ള പ്രാർത്ഥന കളിൽ. **ഉദാഹരണമായി ക്രിസ്തുമസിന്റെ സന്ധ്യാപ്രാർത്ഥന യിലെ സെദറായിലെ കുറച്ചു ഭാഗം ചുവടെ ചേർക്കുന്നു.**

“സാരാംശപ്രകാരം വേർതിരിക്കപ്പെടാൻ പാടില്ലാത്ത മൂന്നു പരിശുദ്ധ ആളുകളിൽ ഒരുവനും, പിതാവിനോടും പരിശുദ്ധാത്മാ വിനോടും ഒരുമിച്ച് ഏകസത്തയായി സ്ഥിതിചെയ്യുന്നവനുമായി രിക്കെ കന്യകയുടെ നിർമ്മലമായ ഉദരത്തിൽനിന്നു ജനിച്ചവനും പിതാവിന്റെ ഏകജാതനുമായ അനാദ്യന്ത ശിശുവേ നിനക്കു സ്തുതി. ഇന്ന് ഉദയം ചെയ്ത ശ്രേഷ്ഠ ശിശുവായ നിന്നെ പുണ്യ വാന്മാർ ദൃഷ്ടാന്തങ്ങൾ മുഖേന മുൻകൂട്ടി സൂചിപ്പിച്ചു. നീതിമാ ന്മാർ ഉപമകളാൽ നിന്നെക്കുറിച്ച് ഉദ്ഘോഷിച്ചു. സകല ദീർഘ ദർശിമാരും വെളിപാടുകൾ വഴി നിന്റെ അദൃശ്യതയെ അറിയിച്ചു. അറിയിപ്പുകാരെല്ലാം നിന്റെ നിത്യതയെ വെളിപ്പെടുത്തി. വി. കന്യക യിൽനിന്നുള്ള നിന്റെ മനുഷ്യാവതാരത്തെ ആത്മീയ നയനങ്ങളാൽ അവർ മുൻകൂട്ടി കണ്ടു.



malankaralibrary.com

ഗോത്രപിതാവായ അബ്രഹാം ഈ രഹസ്യാത്മക ശിശുവിനെ, മുട്ടാടിനെ വഹിച്ച വൃക്ഷത്താൽ ദൃഷ്ടാന്തപ്പെടുത്തി. പിതാക്കന്മാരുടെ തലവനായ യാക്കോബ്, ഇന്നേദിവസം നമ്മൾക്കായി ഉദയംചെയ്ത ഈ വിസ്മയനീയ ശിശുവിനെപ്പറ്റി *അവന്റെ ജന്മദിനം കാണുവാൻ ജാതികൾ കാത്തിരിക്കും* എന്നുപറഞ്ഞ് മുൻകൂട്ടി സൂചിപ്പിച്ചു.

നീതിമാനും പുണ്യവാനുമായ യൊബ് ഈ അത്ഭുത ശിശുവിനെക്കുറിച്ച് *എന്റെ രക്ഷകൻ ജീവിച്ചിരിക്കുന്നു എന്ന് എനിക്കറിയാം; അവസാനനാളിൽ അവൻ ഭൂമിയിൽ പ്രത്യക്ഷനാകും* എന്ന് അറിയിച്ചു.... മോശ ഈ മഹനീയ ശിശുവിനെ മുൾപ്പടർപ്പിൽ ഇറങ്ങി ജ്വലിച്ചിട്ടും അതിനെ ദഹിപ്പിക്കാതിരുന്ന അഗ്നിയിൽ ദർശിച്ചു. എസക്കിയേൽ ഈ നിഗൂഢശിശുവിനെ നാലുമുഖങ്ങളുള്ള രഥത്തിൽ ദർശിച്ചിട്ട് *ഇവൻ ശരീരപ്രകാരം ലോകത്തിൽ പ്രത്യക്ഷപ്പെടും* എന്നു പ്രസംഗിച്ചു.

ഏശയ്യാ ദീർഘദർശി ഈ പരിശുദ്ധ ശിശുവിനെ ദർശിച്ചിട്ട് *ഇതാ കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും; അവൻ ദൈവവും മനുഷ്യനുമാകയാൽ അത്ഭുതം എന്നു വിളിക്കപ്പെടും* എന്ന് അട്ടഹസിച്ചു. വി കന്യകയാകുന്ന രോമക്കെട്ടിന്മേൽ മഞ്ഞുപോലെ അവൻ ഇറങ്ങിവരുമെന്ന് ഗിദയോൻ സൂചിപ്പിച്ചു. കർത്താവ് ദാവീദിന് ഒരുകിരണം ഉദിപ്പിക്കുമെന്ന് ഈ വത്സല ശിശുവിനെക്കുറിച്ച് ജറമിയാ പ്രവചിച്ചു...." (മലങ്കര കത്തോലിക്കരുടെ ആരാധനക്രമം പെരുനാളുകൾ, പേജ് 10–14).

പരമപിതാവിൽനി ന്നുദിച്ചുയർന്ന ആ നിത്യവചനം തന്നെയാണ് സമസ്തവും സൃഷ്ടിച്ചുകൊണ്ട് നമുക്കു ജീവനായി, ഇരുളിൽ പ്രകാശിക്കുന്ന വെളിച്ചമായി, സർവ്വലോകത്തിന്റെയും പ്രകാശമായി പ്രത്യക്ഷപ്പെട്ടത്. "ഇന്നു ദൈവം ഭൂമിയിൽ ഉദയം ചെയ്ത് ലോകത്തെ അതിന്റെ അതിർത്തിയോളം പ്രകാശിപ്പിച്ചു" എന്ന് മലങ്കര ആരാധനക്രമപ്രകാരമുള്ള ജനനപ്പെരുനാളിന്റെ സന്ധ്യാ പ്രാർത്ഥനയുടെ സെദറായിൽ വിശ്വസിച്ചേററുപറയുന്നത് ഈ വച



malankaralibrary.com

നമാകുന്ന പുത്രൻ തമ്പുരാന്റെ തിരുഅവതാരത്തെക്കുറിച്ചാണ്. "പിതാവായ ദൈവത്തിന്റെ മഹനീയ മനസ്സിലെ ഉൽകൃഷ്ട ജ്ഞാനവും സുഗന്ധ വാഹിനിയായ വിശുദ്ധ പുഷ്പവുമേ നിനക്ക് സ്തുതി. പാപത്താൽ ദുർഗന്ധം വമിച്ചിരുന്ന ഞങ്ങളെ നിന്റെ വിശുദ്ധമായ നറുമണത്തിന്റെ പരിമളത്താൽ ആനന്ദിപ്പിക്കുവാൻ അനുഗൃഹീതയായ മറിയാമെന്ന വരണ്ട ഭൂമിയിൽനിന്ന് നീ ലോകത്തിൽ ആവിർഭവിച്ചു..." എന്ന് എത്രോ പ്രാർത്ഥനയിൽ നാം വിശ്വസിച്ചേററുപറഞ്ഞ് പ്രാർത്ഥിക്കുന്നതും മനുഷ്യാവതാരം ചെയ്ത ഈ വചനത്തെക്കുറിച്ചും വചനത്തോടുമാണ്. താഴെക്കാണുന്ന സെദറാ പ്രാർത്ഥന ശ്രദ്ധിക്കുക.

"ഇന്നു നമുക്കായി ഒരു ശിശു ജാതനായി... ലോകൈക ശക്തനെ ഇന്നു കന്യക പ്രസവിച്ചു. അവന്റെ നാമം *അത്ഭുതം* എന്നു വിളിക്കപ്പെട്ടു. ഇന്നു ദൈവം ഭൂമിയിൽ ഉദയം ചെയ്ത് ലോകത്തെ അതിന്റെ അതിർത്തിയോളം പ്രകാശിപ്പിച്ചു. ഇന്ന് യഹൂദ്യായിലെ ബേത്‌ലഹേമിൽനിന്ന് ജീവന്റെ അപ്പം ആവിർഭവിച്ചു. ഇന്നു വാതിലും അതിൽക്കൂടെ പ്രവേശിക്കുന്ന കർത്താവും പ്രത്യക്ഷപ്പെട്ടു. ഇന്നു ദൃഷ്ടാന്തങ്ങൾ നിറവേറി , സ്വർഗ്ഗീയ ബോധങ്ങൾക്ക് അഗ്രാഹ്യനായവനെ കരങ്ങൾ ഗ്രഹിച്ചു. മാലാഖമാരുടെ കണ്ണുകൾ കണ്ടിട്ടില്ലാത്തവനെ വിരലുകൾ തഴുകി. ക്രൂബേന്മാരാൽ സംവഹിക്കപ്പെടുന്നവൻ ഇന്നു കാൽമുട്ടുകളിൽ വഹിക്കപ്പെട്ടു.

ആകയാൽ ഗർഭസ്ഥനായ യോഹന്നാനെപ്പോലെ ഞങ്ങൾ നിന്നെ വന്ദിക്കുന്നു. പെട്ടകത്തിന്റെ മുമ്പിൽ ദാവീദിനെപ്പോലെ ഞങ്ങൾ തിരുമുമ്പാകെ ആഹ്ലാദിച്ചു നൃത്തം ചെയ്യുന്നു. ശരീരപ്രകാരമുള്ള മഹനീയ ജനനത്തിന്റെ ഈ ദിനം ആഘോഷിക്കുവാൻ അർഹരായിത്തീർന്ന ബലഹീനരും പാപികളുമായ ഞങ്ങൾ അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. നീതിമാന്മാരോടുകൂടെ നിന്നെ സ്തുതിക്കുവാനും പുണ്യവാന്മാരോടുകൂടെ നിന്നെ പുകഴ്ത്തുവാനും.... ആത്മീയരായ സ്വർഗ്ഗീയസേനകളോടുകൂടെ നിനക്കു കാഹളം ഊതുവാനും ഞങ്ങളെ യോഗ്യരാക്കണമേ.


malankaralibrary.com

നിന്റെ രണ്ടാമത്തെ വരവിൽ, സകല പാപങ്ങളുടെയും പരിഹാരത്തിനും നിയമലംഘനങ്ങളുടെ മോചനത്തിനും മാലിന്യങ്ങളുടെ നിർമ്മുലനത്തിനും ഞങ്ങൾ അർഹരായിത്തീരണമേ.... (മലങ്കരകത്തോലിക്കരുടെ ആരാധനക്രമം, പെരുനാളുകൾ, പേജ് 13–14).

വേണ്ട ഒരുക്കത്തോടെ പ്രാർത്ഥനകളിൽ ശ്രദ്ധാപൂർവ്വം പങ്കെടുത്തുകൊണ്ടും ഇവയെ നിരന്തരം അനുസ്മരിച്ചുകൊണ്ടും ധ്യാനിച്ചുകൊണ്ടും ഈ രഹസ്യത്തിൽ നിരന്തരം ഉൾച്ചേരുന്നതിനും പങ്കുകാരാകുന്നതിനും നമുക്കു പരിശ്രമിക്കാം. അതോടൊപ്പം താഴെ പറയുന്ന തിരുവചനഭാഗങ്ങളും ധ്യാനവിഷയമാക്കുക. നമ്മുടെ കർത്താവിന്റെ ജനനത്തിരുനാളിന്റെ ശുശ്രൂഷയിൽ നാം പങ്കുചേരുമ്പോൾ തിരുഅവതാരത്തെ സംബന്ധിച്ച തിരുലിഖിതങ്ങളെല്ലാം ഇന്നു നമ്മുടെ ഇടയിൽ നിറവേറുകയും തിരുഅവതാരരഹസ്യം നാം ഇന്നിവിടെ അനുഭവിക്കുകയും ചെയ്യുകയാണ്. ക്രിസ്തുമസ് രാത്രിയിലെ ശുശ്രുഷകളിലെ പ്രാർത്ഥനകളിലെല്ലാം ഈ വലിയ രഹസ്യത്തെയും, ദൈവം നമുക്കായി ഒരുക്കിയ ഈ അമൂല്യഭാഗ്യത്തെയും, അനുസ്മരിക്കുന്ന പലഭാഗങ്ങളുണ്ട്. ഈ തിരുവചനഭാഗങ്ങളും വിശദീകരണങ്ങളുമെല്ലാം വായിച്ച് ധ്യാനിച്ച് നല്ല ഒരുക്കത്തോടെ ക്രിസ്തുമസിൽ സംബന്ധിക്കുക. ക്രിസ്തുമസ് അവസരങ്ങളിൽ മാത്രമല്ല ഇടയ്ക്കിടെ അവിടുത്തെ മനുഷ്യാവതാര രഹസ്യത്തെ അനുസ്മരിച്ചു പ്രാർത്ഥിക്കുന്നതും ധ്യാനിക്കുന്നതും ദൈവത്തിനു നന്ദിപറയുന്നതും വളരെ അനുഗ്രഹപ്രദമാണ്. മലങ്കര ആരാധനക്രമമനുസരിച്ചുള്ള പരിശുദ്ധ കുർബാനയിലും അനുദിന പ്രാർത്ഥനകളിലും നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര രഹസ്യത്തെ നിരന്തരം അനുസ്മരിക്കുന്നുണ്ട്. ബോധപൂർവ്വം ഇതെല്ലാം മനസ്സിലാക്കിക്കൊണ്ട് ആരാധനയിലുള്ള പങ്കാളിത്തം സജീവവും അർത്ഥപൂർണ്ണവും അനുഗ്രഹദായകവുമാക്കാൻ പരിശ്രമിക്കുക. അങ്ങനെ ക്രിസ്തുമസ് സ്വഹൃദയങ്ങളിൽ ഈശോ ജനിക്കുന്ന അനുഭവത്തിലേക്കു നമ്മെ നയിക്കുകയും, അതുവഴി പ. അമ്മയെപ്പോലെ ദിവ്യശിശുവിനെ ലോകത്തിനു പ്രദാനംചെ



malankaralibrary.com

യ്യുന്നന്നതിന് നമ്മുടെ ജീവിതങ്ങൾ ഹേതുവായിത്തീരരുകയും ചെയ്യണം.

**മിഖാ 5:1–6:** "…. ബേത്ലഹേം –എഫ്രാത്താ, യുദയാഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽനിന്നു പുറപ്പെടും. അവൻ പണ്ടേ, യുഗങ്ങൾക്കു മുമ്പേ, ഉള്ളവനാണ്…." അനാദിമുതലേ പിതാവിനോടൊത്തായിരുന്ന വചനമായ പുത്രൻതമ്പുരാന്റെ തിരുഅവതാരത്തെക്കുറിച്ച് പ്രവാചകന്മാർവഴിയായുള്ള മുന്നറിയിപ്പാണല്ലോ ഇത്! യുഗങ്ങൾ കാത്തിരുന്ന ഈ രക്ഷകനെ അടുത്തറിയാനും സ്വീകരിച്ചനുഭവിക്കാനും നമുക്കു ലഭിച്ച ഭാഗ്യം എത്ര വലുതാണ്!

**ഏശ 9:1–7:** "… അവസാനനാളുകളിൽ സമുദ്രത്തിലേക്കുള്ള പാതയെ, ജോർദ്ദാനക്കരെയുള്ള ദേശത്തെ, ജനതകളുടെ ഗലീലിയെ അവിടുന്ന് മഹത്വപൂർണ്ണമാക്കും. അന്ധകാരത്തിൽ കഴിയുന്ന ജനം മഹത്തായ ഒരു പ്രകാശം കണ്ടു; കൂരിരുട്ടിന്റെ ദേശത്തു വസിച്ചിരുന്നവരുടെമേൽ പ്രകാശം ഉദിച്ചു…. നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലായിരിക്കും…. ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും. ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജ്യത്തിലും അവന്റെ ആധിപത്യം നിസ്സീമമാണ്; അവന്റെ സമാധാനം അനന്തവും…" ഈ പ്രവചനം യേശുവിന്റെ തിരുഅവതാരത്തിൽ നിറവേറിയെന്ന് വി. ലൂക്കോസിന്റെ സുവിശേഷാരംഭത്തിലും (1:68–79), വി. മത്തായി എഴുതിയ സുവിശേഷത്തിൽ യേശുവിന്റെ മാമോദിസായുടെ സമയത്തും (4:12–17) ഉദ്ഘോഷിക്കുന്നുണ്ട്.

**സങ്കീ 96:1–13** മുകളിൽ പറഞ്ഞ വസ്തുതകളാണ് ഈ സങ്കീർത്തനവും നമ്മെ അനുസ്മരിപ്പിക്കുന്നത്. പ്രസ്തുത സങ്കീർത്തനവും അപ്പ 13:17–23; തീത്തോസ് 2:11–15; മത്തായി 2:1–12 എന്നീഭാഗങ്ങളും വായിച്ചു ധ്യാനിക്കുക. അതോടൊപ്പം യേശു



malankaralibrary.com

വിന്റെ ജനനത്തെക്കുറിച്ച് വളരെ വ്യക്തമായ ദൈവശാസ്ത്രവീക്ഷണവും ദീർഘമായ വിവരണവും നല്കുന്ന വി. ലൂക്കോസിന്റെ സുവിശേഷത്തിലെ താഴെപ്പറയുന്ന ഭാഗവും നമുക്ക് ധ്യാനവിഷയമാക്കാം.

**ലൂക്കാ 2:6–12** :"....അവിടെയായിരിക്കുമ്പോൾ അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. അവനെ പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി. കാരണം സത്രത്തിൽ അവർക്കു സ്ഥലം ലഭിച്ചില്ല...." ദൈവത്തിന്റെ പ്രത്യേകമായ രക്ഷാകര ഇടപെടലിലൂടെ പരമപിതാവിന്റെ തിരുഹിത പൂർത്തീകരണത്തിനായി അവിടുന്നു നിയോഗിച്ച തന്റെ ഏകജാതൻ വി. കന്യക മറിയത്തിന്റെ *കടിഞ്ഞൂൽപുത്രനാ*ത്തീർന്നു. നിത്യപ്രകാശമായ ദിവ്യസൂര്യൻ സർവ്വലോക ത്തെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചമായി ഈ ഭൂവിലവതരിച്ചു. *പരമപിതാവിൽ നിന്നുദിച്ച യഥാർത്ഥ വെളിച്ചമേ, നിത്യചൈതന്യമേ, നിന്റെ ദിവ്യപ്രകാശത്താൽ ഞങ്ങളിലെ അന്ധകാരമകററി ദിവ്യചൈതന്യത്താൽ ഞങ്ങളെ പ്രശോഭിപ്പിക്കണമേയെന്നു നമുക്കു പ്രാർത്ഥി ക്കാം.* അതോടൊപ്പം ഈ തിരുവചനത്തിൽനിന്ന് താഴെപ്പറയുന്ന സന്ദേശങ്ങളും ധ്യാനചിന്തയും ഉൾക്കൊള്ളുകയും ചെയ്യാം.

*ഒന്നാമതായി,* സകലജനത്തിനും ജീവന്റെ അപ്പമായിത്തീരേണ്ടവൻ അപ്പത്തിന്റെ ഭവനത്തിൽ (ബേത്ലഹെമിൽ) വന്നുപിറന്നു. അവനെ *പുൽത്തൊട്ടിയിൽ കിടത്തി,* പുൽത്തൊട്ടി കാലിത്തൊഴുത്തിൽ കന്നുകാലികൾക്ക് തീററ (പുല്ല്) ഇട്ടുകൊടുക്കുന്നതിനുവേണ്ടിയുള്ളതാണല്ലോ. അപ്പോൾ  അവനെ *പുൽത്തൊട്ടിയിൽ കിടത്തിയെന്നു* പറയുമ്പോൾ അവൻ നമുക്കപ്പമായിത്തീർന്നു എന്നർത്ഥം. അതായത് മൃഗീയമായ പ്രവൃത്തികളാൽ മനുഷ്യൻ ദൈവത്തിനെതിരെ തിന്മചെയ്ത് അങ്ങിൽനിന്നകന്നുപോയിട്ടും കരുണാർദ്രസ്നേഹത്തോടെ മഹോന്നതനായ അവിടുന്ന് താണിറങ്ങിവന്ന് അപ്പത്തിന്റെ ഭവനത്തിൽ നമുക്കന്നമായിത്തീർന്നു.



malankaralibrary.com

*പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും,* എന്നാണ് തിരുപ്പിറവിയെക്കുറിച്ചുള്ള സദ്വാർത്ത അറിയിച്ചപ്പോൾ മാലാഖമാർ ആട്ടിടയന്മാർക്കു നല്കിയ അടയാളം. അതായത് *പിള്ളക്കച്ച കൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി,* എന്ന് ഇവിടെ രണ്ടുപ്രാവശ്യം ആവർത്തിക്കുന്നു. ഇത് നമ്മുടെ കർത്താവിന്റെ രക്ഷാകര ദൗത്യത്തെയാണു സൂചിപ്പിക്കുന്നത്. ഇരുളിലും മരണത്തിന്റെ നിഴലിലും ആയിരുന്ന മർത്ത്യകുലത്തെ അമർത്ത്യതയിലേക്കു നയിക്കുന്ന അമർത്ത്യതയുടെ അപ്പമാകുവാൻ വചനം മാംസംധരിച്ച് നമ്മുടെ ഇടയിൽ വസിച്ചു. ദൈവം തന്റെ കാരുണ്യാധിരേകത്താൽ നമ്മെ സന്ദർശിച്ചു രക്ഷിച്ചു. *ഈ പരമഭാഗ്യം പൂർണ്ണമനസ്സോടും സർവ്വശക്തിയോടുംകൂടെ സ്വീകരിച്ച് നമുക്കും അനുഗ്രഹീതരാകാം!*

*രണ്ടാമതായി, സത്രത്തിൽ അവർക്ക് സ്ഥലം ലഭിച്ചില്ല* എന്നതിലെ ദൈവീക ഇടപെടൽ ശ്രദ്ധിക്കുക. മാനുഷീകമായി ചിന്തിച്ചാൽ എത്രവലിയ അവഗണനയും യാതനയുമാണ് ദൈവതിരുഹിതത്തിനു തങ്ങളെത്തന്നെ സമർപ്പിച്ചതിൽ ജോസഫിനും മറിയത്തിനും അനുഭവിക്കേണ്ടിവന്നതെന്നേ തോന്നുകയുള്ളു. എന്നാൽ ഇതിനുപിന്നിലെ ദൈവപരിപാലന ശ്രദ്ധിക്കുക! സത്രം വഴിപോക്കർക്കു രാത്രിവിശ്രമിച്ചു കടന്നുപോകാനുള്ള ഇടമാണ്. എന്നാൽ കാലിത്തൊഴുത്ത് രാജകൊട്ടാരങ്ങളുടെപോലും ഒരു പ്രധാനഭാഗമാണ്, രാജവനങ്ങളുടെ അവശ്യഘടകം. യേശു വഴിപോക്കനെപ്പോലെ വന്നുകടന്നുപോകാനുള്ള ഇടമല്ല ദൈവജനം. അവൻ ദൈവജനത്തിന് തങ്ങളുടെ ജീവിതകേന്ദ്രവും ജീവിതത്തിലെ അവശ്യഘടകവുമാണ്. *തിരുപ്പിറവിയാഘോഷത്തിനായുള്ള ഈ ഒരുക്കകാലത്തിൽ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രമായി നമുക്കും നമ്മുടെ കർത്താവിനെ സ്വീകരിക്കാം!*

*മൂന്നാമതായി,* വി. ലൂക്കോസിന്റെ വീക്ഷണപ്രകാരം ഈ "സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ



malankaralibrary.com

സദ്വാർത്ത" (ലൂക്കാ 2:10–11) ആദ്യം അറിയിക്കപ്പെട്ടത് രാത്രിയിൽ വയലുകളിൽ ആടുകളെ കാത്തുകൊണ്ടിരുന്ന ഇടയന്മാരോടാണ്. എളിയവരുടെപക്കലേക്കാണ് അവിടുത്തെ കൃപാകടാക്ഷം ആദ്യം എത്തിച്ചേരുന്നത്. എളിയഹൃദയങ്ങൾക്കാണ് ഈ ദിവ്യദാനം സ്വീകരിച്ചു പങ്കുവച്ചുകൊണ്ട് ദൈവമഹത്വത്തിന്റെ ഉപകരണങ്ങളായിത്തീരുന്നതിനു സാധിക്കുന്നതും. *ക്രിസ്തുമസിന്റെ ഈ അനുഗ്രഹീതമായ കാലയളവിൽ ആട്ടിടയന്മാരെപ്പോലെ അവിടുത്തെ സസന്തോഷം സ്വീകരിച്ചനുഭവിപ്പാനും ആഹ്ലാദപൂർവ്വം പ്രഘോഷിക്കുവാനും സകലരെയും ഈ സദ്വാർത്ത അറിയിക്കുവാനുമായി തീഷ്ണതയോടെ നമുക്ക്* ഓടാം.

*********



malankaralibrary.com

MALANKARA
LIBRARY

malankaralibrary.com